Thunchath Ezhuthachan 032:1K..
UNIVERSITY LIBRARY MADRAS 19 JUN 1953

# തുഞ്ചത്തെഴുത്തച്ഛൻ




പുസ്തകം 4. മേയ് —ജൂൺ ലക്കം 1_2:

ലോകാസ്സമസ്താഃ സുഖിനോ ഭവന്തു.

1953

# വിധിവിളയാട്ടം

നല്ല വല്ല കഥയും മാസികത്തിൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കും എന്നുപദേശിച്ച അനവധി സുഹൃത്തുക്കളുടെ അഭിപ്രായമനുസരിച്ച് 25 കൊല്ലം മുമ്പുതന്നെ കയ്യെഴുത്തുപ്രതി വായിച്ച് "എത്ര ചുഴിഞ്ഞു പരിശോധിച്ചിട്ടും ഒരൊററ കുററമോ കുറവോ കണ്ടുപിടിക്കുവാൻ സാധിക്കാഞ്ഞതിൽ വ്യസനിക്കുന്നു; എങ്കിലും, സൎവ്വത്ര സരസമായും, സാരഗർഭമായും, ഹൃദയാവൎജ്ജകമായും വിളങ്ങി കാണുന്നതിൽ അത്യന്തം ആഹ്ലാദമുണ്ട്" എന്നു പരേതനായ സാഹിത്യപഞ്ചാനനനെക്കൊണ്ടു പറയിച്ച "വിധിവിളയാട്ടം" എന്ന വിശിഷ്ട നോവൽ—അവസാനം ഒരു പുസ്തകമാകത്തക്കവണ്ണം എല്ലാം ചേർത്തു—തുടർച്ചയായി അടുത്ത ലക്കം മുതൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

## കൈപ്പററി

1. ദക്ഷിണാമൂർത്തിസ്തോത്രം വ്യാഖ്യാനം
2. ദത്താത്രേയാവധൂതഗീത ടി

അഭിപ്രായം അടുത്ത ലക്കത്തിൽ.

# അനുമോദനം



ഇക്കഴിഞ്ഞ തിരു കൊച്ചി നിയമസഭാതിരഞ്ഞെടുപ്പിൽ ചിററൂര് നിയോജകമണ്ഡലത്തിൽനിന്നു ബഹു ഭൂരിപക്ഷം വോട്ടുകളോടുകൂടി പ്രശസ്തമായി വിജയംനേടിയ കോൺഗ്രസ്സ് അംഗം ഡാക്ടർ എ. ആർ. മേനോനെ ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കുന്നു..

രാഷ്ട്രീയകാര്യങ്ങളിൽ, ഇപ്പോൾ തിരഞ്ഞെടുക്കപ്പെട്ടവരേക്കാൾ കൂടുതൽ പഴക്കവും തഴക്കവും തികഞ്ഞ, നിറഞ്ഞ സേവനോൽസുകമനസ്ഥിതിയുള്ള ഇദ്ദേഹത്തിൻെറ യഥാൎത്ഥയോഗ്യതയറിഞ്ഞു ഇദ്ദേഹത്തെ തിരഞ്ഞെടുത്തവരും അനുമോദനാർഹർതന്നെ..

UNIVERSITY LIBRARY
22 MAR 1954
MADRAS

പുസ്തകം 4 മേടം—കന്നി 1—6 ലക്കങ്ങൾ

# വിഷയവിവരം

—— * ——

162056
032:1K20m2:N50
J3


| | | |
|---|---|---|
| 1. | പ്രസ്താവന | 1 |
| 2. | പ്രേമദർശനം | 3, 93, 125, 163, 189 |
| 3. | കവിയും നിരൂപകനും (കവിത) | 12 |
| 4. | ഉള്ളൂർ കവിതകളുടെ ജനകീയത | 13 |
| 5. | വേദത്തിലെ പ്രാർത്ഥനാവസ്തുക്കൾ | 21 |
| 6. | എന്തൊരു വൈപരീത്യം | 26 |
| 7. | കവിതയോട് (കവിത) | 29 |
| 8. | ഷഡ്ദർശനങ്ങൾ | 29 |
| 9. | വായിക്കുന്ന വിദ്യാർത്ഥികളോട് (വിദ്യാർത്ഥിപംക്തി) | 32 |
| 10. | പ്രാർത്ഥന (കവിത) | 43 |
| 11. | സംഹിത തത്വസൂചകം | 44 |
| 12. | രാസക്രീഡ | 46 |
| 13. | പുരോഗതി | 49 |
| 14. | ഹർഷവർദ്ധനൻ | 50 |
| 15. | ആ ദിവ്യഔഷധം (ചെറുകഥ) | 53 |
| 16. | ഉയരാൻ കഴിഞ്ഞെങ്കിൽ (കവിത) | 56 |
| 17. | വർദ്ധമാനമഹാവീരൻ | 58 |
| 18. | ഞാൻ വിദ്യാർത്ഥിയാണ് (വിദ്യാർത്ഥിപംക്തി) | 60 |
| 19, | ഗാന്ധിസൂക്തം | 62 |
| 20. | ഉണ്ണിക്കൃഷ്ണൻ (കവിത) | 85 |
| 21 | ഭീഷ്മർ | 101 |
| 22. | ഇന്ത്യയിലെ ജനകീയഗ്രന്ഥം | 106 |
| 23. | ശ്രീ ശങ്കരപരീക്ഷ | 113 |
| 24. | തിരുമങ്കൈ ആഴ്വാർ | 184 |
| 25: | പുസ്തകാഭിപ്രായം | 117, 160, 219 |
| 26. | സംഗീതരാമായണം—സീതാകല്യാണം | 119, 150, 184 |
| 27. | ജീവിതനിർവൃതി | 131 |
| 28. | ഉപന്യാസരചന (വിദ്യാർത്ഥിപംക്തി) | 134 |
| 29. | ജെയംസ് വാററ് | 144 |
| 30. | ഒരു മന്ത്രത്തിന്റെ അർത്ഥം | 147 |

31. തി. കൊ. ബുക്ക് സിലക്ഷൻ കമ്മിററിയുടെ ഒരു വിജ്ഞതി 157
32. അംബാസ്തവം (കവിത) 161
33. ത്രളാപ്പിവിശ്വാസം 168
34. ഒരു ഭൃത്യന്റെ ബുദ്ധിശക്തി 170
35. ശിശു (കവിത) 174
36. ചില മഹദ്വചനങ്ങൾ 174
37. ഈശ്വരൈകത്വം പരമലക്ഷ്യം 176
38. ബലവാനിന്ദ്രിയഗ്രാമോ വിദ്വാംസമപി കർഷതി 179
39. കടങ്കഥകൾ 188
40. പൊന്നോണം (കവിത) 195
41. ഭക്തി 197
42. പൂർവ്വമീമാംസാ 200
43. അദ്ധ്യാപകന്മാരോട് (വിദ്യാർത്ഥിപംക്തി) 207
44. അടിസ്ഥാനവിദ്യാഭ്യാസം 216
45. സ്കൂൾ കുറിപ്പുകൾ 220

UNIVERSITY LIBRARY
28 MAR 1954

പുസ്തകം 4 തുലാം_മീനം 7_12 ലക്കങ്ങൾ

# വിഷയവിവരം


| | | |
|---|---|---|
| 1. | പ്രേമദർശനം | 221, 259, 304, 343, 379, 419 |
| 2. | അദ്വൈതനടനം (കവിത) | 227 |
| 3. | ഊർമ്മിള | 229 |
| 4. | കർമ്മബന്ധം (കവിത) | 333 |
| 5. | ജീവിതവിജയം | 334 |
| 6. | പഞ്ചാക്ഷരസ്തോത്രം (കവിത) | 236 |
| 7. | ശബ്ദബ്രഹ്മമാഹാത്മ്യം | 237 |
| 8. | ഗുരുമഹോത്സവങ്ങൾ | 240 |
| 9. | നീലിയെ കണ്ടതു് (ചെറുകഥ) | 245 |
| 10. | പ്രതീക്ഷ (കവിത) | 256 |
| 11. | പുസ്തകാഭിപ്രായം | 257 |
| 12. | പൈങ്കിളിയോടു് (കവിത) | 264 |
| 13. | പ്രാണായാമം | 265 |
| 14. | നേപ്പാളയുദ്ധം | 268 |
| 15. | മുറജപം | 276 |
| 16. | ഐക്യരാഷ്ട്രദിനം | 280 |
| 17. | ഗാന്ധിസൂക്തം | 283 |
| 18. | മൌണ്ടു് എവറസ്റ്റിന്റെ പ്രതിഷേധം | 287 |
| 19. | ഭക്തി (വിദ്യാർത്ഥിപംക്തി) | 293 |
| 20. | മഹദ്വാക്യങ്ങൾ | 296 |
| 21. | കടംകഥകൾ | 297 |
| 22. | വിദ്യാർത്ഥികളും ഗ്രന്ഥരചനയും (വിദ്യാർത്ഥിപംക്തി) | 299 |
| 23. | വിദ്യാലയത്തിൽ (കവിത) | 301 |
| 24. | സ്കൂൾ കുറിപ്പുകൾ | 302, 375 |
| 25. | കഷ്ടം! നികൃഷ്ടം! പരം (കവിത) | 303 |
| 26. | ശ്രീകൃഷ്ണസ്തുതി (കവിത) | 306 |
| 27. | പ്രഹ്ലാദൻ | 308 |
| 28. | നീതിബോധം | 311 |
| 29. | ശ്രീ ശാരദാമണിദേവി | 313 |
| 30. | കേരളത്തിലെ കൊയ്ത്തുകാലം | 317 |

| | | |
|---|---|---|
| 31. | പൈതമാൾ വാഴ്ത്ത് | 319, 359 |
| 32. | പരിണയത്തിന്റെ പരിണാമം (കവിത) | 326 |
| 33. | എഴുത്തച്ഛനും കൊച്ചി മഹാരാജാവും | 328 |
| 34. | ക്ഷമിക്കണം (കവിത) | 333 |
| 35. | നിർവ്വാഹകസംഘനിവേദനം | 334, 411 |
| 36. | ഗുരുകൃത്യം (വിദ്യാർത്ഥിപംക്തി) | 335 |
| 37. | പ്രാചീനാധുനികവിദ്യാഭ്യാസം | 339 |
| 38. | ദേഹിപദപല്ലവമുദാരം | 352 |
| 39. | ക്ഷേമഗാനം (കവിത) | 354 |
| 40. | ആശിക്കേണ്ട പുരോഗതി | 356 |
| 41. | മനോനിയമം | 358 |
| 42. | ഗ്രാമോദ്ധാരണം (വിദ്യാർത്ഥിപംക്തി) | 361 |
| 43. | യശശ്ശരീരനായൊരു ഭൂതകവി. | 364 |
| 44. | പതിതരസാലം (കവിത) | 366 |
| 45. | നാട്ടുകൂട്ടങ്ങൾ | 368 |
| 46. | ഫലശ്രുതികൾ | 386 |
| 47. | സീതാസ്വയംവരം (പഴയ കൃതി) | 388 |
| 48. | കന്യാകുമാരിയുടെ തൃച്ചേവടികളിൽ | 390 |
| 49. | അന്വേഷണത്തിൽ | 400 |
| 50. | മേക്കാട്ടുമനയും തിരുവഞ്ചിക്കുളത്തപ്പനും | 401 |
| 51. | സത്യം (വിദ്യാർത്ഥിപംക്തി) | 406 |
| 52. | ചെല്ലം | 425 |
| 53. | എഴുത്തച്ഛന്റെ രാമായണം | 427 |
| 54. | ഭാരതവിലാപം | 431 |
| 55. | സഹോദരസ്നേഹം (വിദ്യാർത്ഥിപംക്തി) | 439 |
| 56. | വിധി വിളയാട്ടം—നോവൽ | 1.—110 |

UNIVERSITY LIBRARY
9 JUN 1953
MADRAS

പുസ്തകം 4. 1128 മേടം ലക്കം 1.

# തുഞ്ചത്തെഴുത്തച്ഛൻ

## പ്രസ്താവന

മൂന്നു വയസ്സു തികഞ്ഞു, നാലാംവയസ്സിലേക്കു പദമൂന്നുന്ന ഈ മാസികാശിശുവിനെക്കുറിച്ചു്, അതിന്റെ ഭാരവാഹികൾക്കു്, എന്താപറയാനുള്ളതു്? ജീവിതായോധനത്തിന്റെ മൂർച്ചയെക്കുറിച്ചും, അനുഭാവശൂന്യമായ ചുററുപാടുകളെക്കുറിച്ചും, പരമകാരുണികനായ പരമേശ്വരന്റെ ലീലാവിലാസത്തെക്കുറിച്ചും മാത്രം! ഉരുണ്ടും വിരണ്ടും, മുക്കിമൂളിയും, ആണെങ്കിലും മൂന്നു കൊല്ലം കഴിച്ചതു ഞങ്ങളുടെ കഴിവുകൊണ്ടല്ല, പലരുടേയും കനിവുകൊണ്ടു മാത്രമാണു്. "ശ്രീ തുഞ്ചത്തു് എഴുത്തച്ഛൻ എന്ന ആ പാവനനാമം, മലയാളികളുടെ വളൎന്നുവരുന്നദേശാഭിമാനത്തിന്റേയും, ഭാഷാസ്നേഹത്തിന്റേയും പശ്ചാത്തലത്തിൽ, ഞങ്ങളുടെ പ്രയത്നത്തെ ലഘൂകരിക്കുകയും, ലക്ഷ്യപ്രാപ്തിയെ ത്വരിതപ്പെടുത്തുകയും ചെയ്യാതിരിക്കയില്ലെന്നുണ്ടായിരുന്ന വിശ്വാസം, അടിസ്ഥാനരഹിതമായിരുന്നുവോ, എന്നുകൂടി വ്യസനിക്കത്തക്കവിധം, അനുഭവങ്ങൾ യഥാർത്ഥത്തിൽ ദുരന്തങ്ങളും, ദുസ്സഹങ്ങളും ആയിപ്പോയിരിക്കുന്നു!! ആ കുലാചാര്യന്റെ തിരുനാമത്തിന്നു തക്കതായ യാതൊന്നും ഞങ്ങൾ പ്രദർശിപ്പിച്ചിട്ടില്ലെന്നു, ഞങ്ങളെ കുററപ്പെടുത്തി, സ്വയം കൃതാർത്ഥരാകുന്നവരുമുണ്ടായിരിക്കും. ഞങ്ങളുടെ കുറവുകളേയും, കഴിവുകേടുകളേയും സജ്ജനസമക്ഷം ഏററുപറയുന്നതോടുകൂടിതന്നെ, ഞങ്ങളെ മിഴിവുള്ളവരും, കഴിവുള്ളവരുമാക്കുന്നതിന്നു്, ആചാര്യഭക്തന്മാൎക്കുണ്ടായിരുന്ന അവസരങ്ങളെ, അവർ പ്രയോജനപ്പെടുത്തീട്ടില്ലെന്നു പറയുവാൻകൂടി ഞങ്ങൾ ധൈര്യപ്പെടുന്നു. മൂന്നു കൊല്ലം മുഴുവനും, മാസിക മുറക്കു സ്വീകരിച്ചിട്ടും, മുപ്പതുതവണ മുട്ടികുത്തി അപേക്ഷിക്കപ്പെട്ടിട്ടും, മൂന്നു ശില്ലിപോലും വരിസംഖ്യയിലേക്കു നല്കുവാനുള്ള

സന്മനസ്സുണ്ടായിട്ടില്ലാത്ത "ബഹുമാന്യന്മാരായ മുന്നണിനേതാക്കന്മാ"രുടെ പട്ടിക വളരെ നീണ്ടതാണെന്നു കേൾക്കുമ്പോൾ, മുൻകൂറായി വരിസംഖ്യ തന്നുകൊണ്ടു ഞങ്ങളെ അനുഗ്രഹിക്കുന്നവർ അതിശയപ്പെടുന്നുണ്ടായിരിക്കും. അവരുടെ പേരുവിവരം അടുത്ത സന്ദർഭത്തിൽ ഞങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുകയാണു്.

പുരോഗമനത്തിന്റെ പേരിൽ, പന്തംകണ്ട പെരിച്ചാഴികളെപ്പോലെ, പരക്കംപായുന്ന ആധുനികന്മാരെ, ഒട്ടുംതന്നെ തൃപ്തിപ്പെടുത്തുന്നതിന്നു പര്യാപ്തമായിരുന്നില്ലാ ഞങ്ങളുടെ പ്രവൃത്തിപദ്ധതിയെങ്കിലും, ആത്മാർത്ഥതയോടും ആദർശശുദ്ധിയോടുംകൂടി ഞങ്ങൾ, പ്രയത്നിച്ചിട്ടുണ്ടെന്നാണു് അഭിമാനപ്പെടുന്നതു്. അല്പംകൂടി സഹകരണമനോഭാവവും, ആചാര്യനാമഭക്തിയും പ്രദർശിപ്പിക്കുവാൻ, പൊതുജനങ്ങൾ സന്നദ്ധരാകുന്നപക്ഷം, ശ്രേഷ്ഠവും ശ്രേയസ്കരവുമായ ലക്ഷ്യത്തിലെത്തുവാനുള്ള സാധനസമ്പത്തു സ്വാധീനത്തിലുണ്ടെന്നു പ്രസ്താവിക്കുവാനും ഞങ്ങൾ ധൈര്യപ്പെടുന്നു. കേരളീയരുടെ കുപ്രസിദ്ധമായ അലസതയും, അനാദരഭാവവുമാണു് അവരുടെ അഭിമാനധാമമായിരിക്കേണ്ട ഈ മാസിക, പുഷ്ടിയും തുഷ്ടിയും കൂടാതെ അരിഷ്ടിച്ചു കഴിയുന്നതിന്നുള്ള കാരണമെന്നു പറയാതെ നിർവ്വാഹമില്ല. ആയുർബ്ബലവും, അന്തർശക്തിയും അതിന്നുണ്ടെന്നു നിർവ്വിവാദമാണു്. അനുഭാവസംശുദ്ധമായ ചുറ്റുപാടുകളും, ആഹാരാദികൾക്കുള്ള അനിവാര്യങ്ങളായ സൌകര്യങ്ങളും സംസിദ്ധമാകുന്നപക്ഷം ആഹ്ലാദാഭിമാനാദികളെ വളർത്തുന്ന ഒരു വിശുദ്ധവസ്തുവായി അതു വിജയിക്കുകയും ചെയ്യും. ഭാവി ഭാസുരമാകാതിരിക്കയില്ലെന്നുള്ള വിശ്വാസത്തോടുകൂടി ആചാര്യപാദങ്ങളിൽ സകലവും സമർപ്പിച്ചുകൊണ്ടും, "ഈശ്വരഃ സർവ്വഭൂതാനാം ഹൃദ്ദേശേ/ർജ്ജുന തിഷ്ഠതി ഭ്രാമയൻ സർവ്വഭൂതാനി യന്ത്രാരൂഢാനി മായയാ" എന്ന ഗീതാവാക്യത്തിൽ വിശ്വസിച്ചുകൊണ്ടും, സഹകരിച്ചവരോടും നിസ്സഹകരിച്ചവരോടും ഒന്നുപോലെ കൃതജ്ഞത പറഞ്ഞുകൊണ്ടും, മൂന്നാംവയസ്സിൽനിന്നു നാലാംവയസ്സിലേക്കു് ഈ മാസികാശിശുവിനെ ഞങ്ങൾ പ്രവേശിപ്പിക്കുന്നു.

പ്രവർത്തകന്മാർ.

# പ്രേമദർശനം

(ദേവർഷി നാരദവിരചിത ഭക്തിസൂത്രം)

പ്രേമരൂപമായ ഭക്തിയുടെ സ്വരൂപം

(വി. എൻ. പരമേശ്വരൻനമ്പൂരി)

സൂത്രം:—1. അഥാതോ ഭക്തിം വ്യാഖ്യാസ്യാമഃ

അനന്തരം—ഇപ്പോൾ നാം ഭക്തിയെക്കുറിച്ച് വിവരിക്കുന്നു.

ഈ സൂത്രത്തിലെ അഥ അതഃ എന്നീ ശബ്ദംകൊണ്ട് ഭക്തി മാർഗ്ഗത്തിൻെറ പരമാചാര്യനും, പരമഭക്തോത്തംസവും, സർവ്വഭൂത ഹിതതല്പരനും, ദയാനിധിയുമായ ദേവർഷി നാരദൻ മററുള്ള സി ദ്ധാന്തങ്ങളെ വ്യാഖ്യാനിച്ചുകഴിഞ്ഞു എന്നൊരു പ്രതീതി ഉണ്ടാവു ന്നു. ഇപ്പോൾ ജീവികളുടെനന്മക്കുവേണ്ടി പരമമംഗളമായ ഭക്തിയു ടെ സ്വരൂപത്തേയും, ഉപാസനാസമ്പ്രദായത്തേയും കുറിച്ചു വ്യാ ഖ്യാനിക്കുവാൻ തുടങ്ങുന്നു. നാരദൻ പറയുകയാണ്.

2. സാ ത്വസ്മിൻ പരമ പ്രേമരൂപാ.

ആ ഭക്തി ഈശ്വരനെസ്സംബന്ധിച്ചേടത്തോളം ഉത്തമ പ്രേമംപോലെയാണ്.

അനേകം പ്രകാരത്തിലുള്ള ഭക്തിയെക്കുറിച്ച് പലരും പറ ഞ്ഞു കഴിഞ്ഞിട്ടുണ്ട്. എന്നാൽ നാരദൻ വ്യാഖ്യാനിക്കുന്ന ഭക്തി പ്രേമരൂപത്തിലുള്ളതാകുന്നു. ഭഗവാനിൽ അനന്യപ്രേമമുണ്ടാവു ന്നതുതന്നെയാണ് ഭക്തി. കർമ്മജ്ഞാനാദിസാധനകളുടെ ആശ്ര യമില്ലാതേയും, ഒന്നിലും ആഗ്രഹമില്ലാതേയുമായ ചിത്തവൃത്തി അ നന്യഭാവത്തോടുകൂടി ഭഗവാനിൽത്തന്നെ വ്യാപരിച്ചുകൊണ്ടിരി ക്കുക, ഇഹപരലോകങ്ങളിലുള്ള സകല സുഖസാമഗ്രികളിൽനി ന്നും—എന്തിനധികം മോക്ഷസുഖത്തിൽനിന്നുകൂടി മനസ്സിനെ പി ന്തിരിപ്പിച്ച് തൻെറ പരമ പ്രേമാസ്പദമായ ഭഗവാനിൽത്തന്നെ ല യിച്ചുകൊണ്ടിരിക്കുക, എല്ലാ മമതയും, ആസക്തിയും യാതൊരു പ ദാർത്ഥത്തിലും പ്രവേശിപ്പിക്കാതെ പ്രിയതമനായ ഭഗവാൻെറ നേ ക്കു മാത്രമാക്കിത്തീർക്കുക. ഇങ്ങനെയുള്ള സ്ഥിതിക്ക് അനന്യപ്രേ മം എന്നു പറയുന്നു.

3. അമൃതസ്വരൂപാ ച.

എന്നു മാത്രമല്ല അതു് അമൃതിന്നു തുല്യവുമാകുന്നു;

ഭഗവാനിലുള്ള അനന്യപ്രേമംതന്നെ വാസ്തവത്തിൽ അമൃത

മാണ്. അതു എല്ലാററിലുംവെച്ച് മാധുര്യമുള്ളതാകുന്നു. ഈ പ്രേമാമൃതം ലഭിച്ചവൻ അതിനെ പാനംചെയ്ത് അമരനായിത്തീരുന്നു. ലൌകികവാസനതന്നെയാണ് മരണമാകുന്നതു് അനന്യപ്രേമിയായ ഭക്തന്റെ ഹൃദയത്തിൽ ഭഗവൽപ്രേമത്തിന്റെ ഒരു നിത്യനവീനപവിത്രവാസനയ്ക്കുപുറമെ മറെറാന്നിനുംതന്നെ സ്ഥാനമില്ല. ഈ പരമദുർല്ലഭമായ വാസനനിമിത്തം ഭക്തൻ ആ ഭഗവാന്റെ ആമാമുനീമനോഹാരിണിയായ ലീലയുടെ ഉപാസന വഴിയ്ക്കു കർമ്മബന്ധപരമായ ജന്മമൃത്യുവലയത്തിൽനിന്നു എല്ലാംകൊണ്ടും മോചിക്കപ്പെടുന്നു ആയാൾ സദാ ഭഗവാന്റെ സമീപത്തു നിവസിക്കുന്നു; ഭഗവാൻ ആയാളുടെ സമീപത്തും! പ്രേമിയായ ഭക്തന്റെയും പ്രേമാസ്പദമായ ഭഗവാന്റെയും ഈ നിത്യവും ഇളക്കമില്ലാത്തതുമായ സംയോഗംതന്നെയാണ് വാസ്തവമായ അമരത്വം. ഇതുകൊണ്ടുതന്നെയാണ് ഭക്തജനങ്ങൾ മുക്തിയെ ഇച്ഛിക്കാതെ ഭക്തിയെത്തന്നെ ആഗ്രഹിക്കുന്നതു്.

ചതുര, ചതിപററിപ്പോകേണ്ടാ! ഹരിഭക്തി-
യ്ക്കുതിയായുലകിതിലൊന്നുമില്ലറിഞ്ഞാലും
കേവലം തിരസ്കൃതരായവർക്കുമേ മുക്തി-
കൈവരാനൊരേ മാർഗ്ഗം ഭക്തിയിൽ ലയിപ്പതാം.

4. യല്ലബ്ധ്വാ പുമാൻ സിദ്ധോ ഭവതി, അമൃതോ ഭവതി, തൃപ്തോ ഭവതി.

യാതൊന്നിന്റെ—ഉത്തമപ്രേമാമൃതരൂപമായ ഭക്തിയുടെ—ലാഭംകൊണ്ട് മനുഷ്യൻ സിദ്ധനായി ഭവിക്കുന്നു; നിത്യനായി ഭവിക്കുന്നു; തൃപ്തൻ—സന്തുഷ്ടനായി ഭവിക്കുന്നു.

ഭഗവൽപ്രേമാമൃതത്തെ പാനംചെയ്യുന്നവനാണ് സിദ്ധൻ. സിദ്ധശബ്ദംകൊണ്ടു ഇവിടെ 'അണിമാദിസിദ്ധികളെ നേടിയവൻ എന്നഭിപ്രായമില്ല. പ്രേമിയായിരിക്കുന്ന ഭക്തൻ മോക്ഷരൂപമായ സിദ്ധിയെക്കൂടി ആഗ്രഹിക്കുന്നില്ല; പിന്നെ ഈ അണിമാദിസിദ്ധികളുടെ കാര്യം പറയുവാനുണ്ടോ? ഈ അണിമാദിസിദ്ധികളാവട്ടെ അങ്ങനെയുള്ള പ്രേമവാനായ ഭക്തന്റെ സേവയ്ക്കു അവസരം നോക്കിക്കൊണ്ടിരിക്കുന്നു! എന്നാൽ ആ സിദ്ധികൾ ഭഗവൽപ്രേമത്തിന്റെ മുമ്പാകെ അത്യന്തം തുച്ഛമാണെന്നറിഞ്ഞു സ്വീകരിക്കുന്നില്ല. ഭഗവാൻതന്നെ സ്വയം അരുളിച്ചെയ്യുന്നു.

എന്നിൽത്താൻ മനമുള്ള ഭക്തനമല-
ന്നെന്നിൽക്കവിഞ്ഞന്യമായ്

ബ്രഹ്മേന്ദ്രാദി പദങ്ങളോ വിപുലമാം
സാമ്രാജ്യരാജ്യങ്ങളോ
മററുള്ളോരുലകാധിപത്യനിലയോ
യോഗാദിസംസിദ്ധിയോ
സായൂജ്യം തന്നി മോക്ഷമെന്നിതുകളോ
കാംക്ഷിക്കുകില്ലാ ദൃഢം. (ഭാഗവതം 11-14-14)

ഒരു ഭക്തൻ പറയുന്നു:—

രോമാഞ്ചേന ചമൽക്കൃതാ തന്തരിയം
ഭക്ത്യാ മനോനന്ദിതം
പ്രേമാശ്രൂണി വിഭൂഷയന്തി വദനം
കണ്ഠം ഗിരോ ഗദ്ഗദാഃ
നാസ്മാകം ക്ഷണമാത്രമപ്യവസരഃ
കൃഷ്ണാച്ചനം കുവ്വതാം
മുക്തിർദ്ദാസി ചതുവ്വിധാപി കിമിയം
ദാസ്യായ ലോലായതേ. (പ്രബോധസാരം)

"പ്രിയതമനായ കൃഷ്ണനെ പൂജിച്ചുകൊണ്ടിരിക്കുമ്പോൾ ശരീരം പുളകഭൂഷിതമായിത്തീരുന്നു, ഭക്തികൊണ്ടു് മനസ്സ് പ്രഫുല്ലിതമായിത്തീരുന്നു. പ്രേമാശ്രുകൊണ്ടു മുഖവും, ഗദ്ഗദവാക്കുകൊണ്ടു കണ്ഠവും അലംകൃതമായിത്തീരുന്നു. അപ്പോൾ നമുക്കു മററു വിഷയങ്ങളുമായി ഇടപെടുന്നതിന്നു് ഒരു നിമിഷംപോലും ഇടകിട്ടാതായിത്തീരുന്നു. ഇത്രമേലായിട്ടുകൂടി സായൂജ്യാദി ചതുവ്വിധമുക്തികൾ നമ്മുടെ മുമ്പാകെ വന്നുനിന്നു ദാസ്യമേൽക്കുന്നതിന്നു ക്ലേശിച്ചുകൊണ്ടിരിക്കുന്നതു് എന്തിനാണെന്നു് അറിയുന്നില്ല."

ഭക്തൻ ഭുക്തിയേയും മുക്തിയേയും സ്വീകരിക്കുകയാണെങ്കിൽ, അവ അതു തങ്ങളുടെ പരമസൌഭാഗ്യമായി കണക്കാക്കുന്നു. എന്നാൽ ഭക്തനാകട്ടെ അവയെ സ്വീകരിക്കുന്നതേയില്ല.

ഹരിഭക്തിമഹാദേവ്യാഃ
സവ്വാ മുക്ത്യാദി സിദ്ധയഃ
ഭുക്തയശ്ചാദ്ഭുതാസ്തസ്യാ—
ശ്ചേടികാവദനുവ്രതാഃ (നാരദപാഞ്ചരാത്രം)

"മുക്തി മുതലായ സിദ്ധികളും അനേകം പ്രകാരത്തിലുള്ള വിലക്ഷണഭുക്തി(ഭോഗം)കളും ദാസിയെപ്പോലെ ഹരിഭക്തി മഹാദേവിയുടെ ശുശ്രൂഷയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു.

കാകഭുശുണ്ഡി എന്നു പേരായ ഒരു മഹാൻ പറയുന്നതു നോക്കുക:

ജലംവിനാ മീനഗണത്തിനില്ല കേ൦
ജനിക്ക, തൽജ്ജീവിതമെന്നിതൊന്നുമേ
അതേന്നിലക്കീ ഹരിഭക്തിയെന്നിയേ
ലഭിച്ചിടാ മോക്ഷ സുഖം സുനിശ്ചയം.

അതുകൊണ്ടു് ഇവിടെ സിദ്ധശബ്ദത്തിന്നു കൃതകൃത്യത എന്നു് അത്ഥം കണക്കാക്കേണ്ടിയിരിക്കുന്നു. ഭക്തനു യാതൊരു വസ്തുവിൻേറയും അഭാവബോധം ഉണ്ടായിരിക്കുന്നതല്ല. അയാൾ പ്രിയതമനായ ഭഗവാൻെറ പ്രേമത്തെ പ്രാപിച്ചിട്ടു് സവ്വദാ പൂണ്ണകാമനായിത്തീരുന്നു. ഈ പൂണ്ണകാമത തന്നെയാണു് ആയാളെ അമരനാക്കുന്നതും. മനുഷ്യൻ കൃതകൃത്യൻ അല്ലെങ്കിൽ പൂണ്ണകാമനാകുന്നതുവരെ, അതിന്നുവേണ്ടി കമ്മവശാൽ ജനനമരണങ്ങൾ തുടച്ചയായി കൈക്കൊള്ളേണ്ടി വരുന്നു. പൂണ്ണകാമനായ ഭക്തൻ സൃഷ്ടിയിലും സംഹാരത്തിലും ഒരുപോലെ ഭഗവാൻെറ ലീലയെ പ്രത്യക്ഷമായനുഭവിച്ചു് മരണത്തെ വെറും ഒരു കളിയായി കണക്കാക്കുന്നു. ഭഗവല്ലീലയല്ലാതെ, മൃത്യു എന്നൊരു ഭയങ്കരവസ്തു ആയാളുടെ ജ്ഞാനപരിധിയിൽ കടക്കുന്നില്ല. അതുകൊണ്ടു ആയാൾ തൃപ്തനായിരിക്കുന്നു. ലോകത്തിലുള്ള പദാത്ഥങ്ങളിൽ ഈശ്വരലീലയിൽ കവിഞ്ഞൊന്നിരുപ്പുണ്ടെന്നു കണക്കാക്കി, അതുകളെ സുഖം അല്ലെങ്കിൽ ദുഃഖമായി വിചാരിച്ചു് മനുഷ്യൻ സുഖപ്രദങ്ങളായ പുതിയ പുതിയ വസ്തുക്കളെ നിരന്തരം ഇച്ഛിച്ചു് അതൃപ്തനായിത്തീരുന്നു. എന്നാൽ എപ്പോൾ എല്ലാററിൻേറയും മൂലസ്രോതസ്സു്, എല്ലാററിൻേറയും യഥാത്ഥവും പൂണ്ണവും ആയ സ്വരൂപം ലഭിക്കുന്നുവോ അപ്പോൾ ആ അപൂണ്ണവും ഖണ്ഡവുമായ പദാത്ഥങ്ങളിലേക്കു മനുഷ്യൻെറ മനസ്സു പോകുന്നതേയില്ല ആയാൾ പൂണ്ണതയെ പ്രാപിച്ചു് തൃപ്തനായിത്തീരുന്നു.

5. യത് പ്രാപ്യ ന കിഞ്ചിദവാഞ്ഛതി, നശോചയതി; ന ദ്വേഷ്ടി, നരമതേ, നോത്സാഹീ ഭവതി.

യാതൊന്നിനെ—പ്രേമമയമായ ഭക്തിയെ—പ്രാപിച്ചതിന്നു ശേഷം മനുഷ്യൻ യാതൊരു വസ്തുവിനെയും ഇച്ഛിക്കുന്നതല്ല; ഒന്നിനേയും കുറിച്ചു് വ്യസനിക്കയുമില്ല; ദ്വേഷ്യപ്പെടുന്നതുമല്ല; യാതൊന്നിലും ആസക്തനാകയുമില്ല; എന്നുമാത്രമല്ല, വിഷയോപഭോഗങ്ങളിൽ ഉത്സാഹം പ്രദശിപ്പിക്കുകകൂടി ചെയ്യുന്നതല്ല.

ആ പ്രേമവാനായ ഭക്തൻ ആ പരമ മഹാവസ്തുവിനെ—ഈശ്വരപ്രേമത്തെ—സമ്പാദിക്കുന്നു. അതിനുശേഷം എല്ലാ ആഗ്രഹങ്ങളും നശിച്ചുപോകുന്നു. ലോകത്തിൽ ഭോഗികളും ത്യാഗികളും ആയ എല്ലാവരും തങ്ങൾ തങ്ങളുടെ അഭിരുചിക്കനുസരിച്ച് സദാ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന പ്രേമം, ഐശ്വര്യം, സൌന്ദര്യം, ബലം, യശസ്സ്, ജ്ഞാനം, വൈരാഗ്യം മുതലായ എല്ലാ പദാർത്ഥങ്ങളും ഭഗവൽപ്രേമരൂപമായ ദുർല്ലഭപദാർത്ഥത്തിന്റെ മുമ്പിൽ അത്യന്തം തുച്ഛമാകുന്നു. ലോകം മുഴുവൻ നിറഞ്ഞിരിക്കുന്ന മുൻപറഞ്ഞ എല്ലാ പദാർത്ഥങ്ങളേയും ഒരേടത്തു ഒന്നിച്ചു കൂട്ടുകയാണെങ്കിൽകൂടി അതെല്ലാംകൂടെ ഭഗവദ്രൂപമായ സമുദ്രത്തിലെ ഒരു ജലബിന്ദുവിന്നു തുല്യം മാത്രമായിരിക്കും! സ്വയം ആകർഷിച്ചുകൊണ്ടിരിക്കുന്ന ആ ഭഗവൽപ്രേമത്തിന്റെ മുമ്പാകെ ലോകത്തിൽ കാണുന്ന പദാർത്ഥങ്ങൾക്കുള്ള സ്ഥാനം എന്തായിരിക്കും!

ശ്രീ ശുകബ്രഹ്മർഷി പറയുകയാണ്:—

മോക്ഷത്തിന്നധിനാഥനാകിയ ഭഗവാൻ ശ്രീ-
ഹരിയിൽ ഭക്തിയേവനൊരുത്തനുണ്ടാകുന്നു
അവനാ സുധാബ്ധിയിൽ ക്രീഡിക്കാമതിൽ പിമ്പീ-
കുഴിയിലെഴും കെട്ട വെള്ളമങ്ങിച്ഛിക്കുമോ?

(ശ്രീമൽഭാഗവതം 6-12-22)

ഭഗവൽ പ്രേമത്തിൽ മുഴുകിയ ഭക്തൻ സ്വർഗ്ഗാദിഭോഗവസ്തുക്കളെ ആഗ്രഹിക്കുമോ?

ഭോഗമോക്ഷാദികൾ ഇച്ഛിക്കാത്ത ഭക്തൻ അവ നശിച്ചുപോകുന്നതുകൊണ്ടു് വ്യസനിക്കില്ലെന്ന കാര്യം തീർച്ചയാണല്ലോ. ഭോഗങ്ങളുടെ നാശം അയാൾ പരമാത്മാവിന്റെ ലീലയായിട്ടാണ് കണക്കാക്കുന്നതു്. അതുകൊണ്ടു് എല്ലായ്പോഴും ഏതവസ്ഥയിലും ആനന്ദിച്ചുകൊണ്ടേയിരിക്കുന്നു. ഭഗവൽപ്രേമനിഷ്ഠകൊണ്ടു് സായൂജ്യമോക്ഷാദികളുടെ സാധനാചതുഷ്ടയത്തിൽ കുറവു സംഭവിക്കുകയാണെങ്കിൽ അയാൾ അതിന്നുകൂടി വ്യസനിക്കുന്നതല്ല. നേരെമറിച്ചു്, എത്ര ജന്മം ഏതെല്ലാം തരത്തിൽ എനിക്കുണ്ടെങ്കിലും എന്റെ ഭഗവൽപ്രേമം വർദ്ധിച്ചുകൊണ്ടേ ഇരിക്കേണമേ എന്നു് ആഗ്രഹിക്കുകയും ചെയ്യുന്നു,

സൽഗ്ഗതി സൽബുദ്ധി മാന മഹിമയും
സിദ്ധിയുമൃദ്ധിയുമൈശ്വര്യവും

കാംക്ഷിച്ചു ശ്രീഹരിസേവയെ ചെയ്യൊല്ലേ;
നിഷ്കാമഭക്തിക്കെതിരില്ലൊന്നും.

ഇങ്ങനെ യാതൊരു ജീവനോടോ, ലൌകികദൃഷ്ടിക്കു പ്രതികൂലമായിത്തോന്നുന്ന പദാർത്ഥങ്ങളോടൊ, സ്ഥിതിയോടോ അയാൾക്ക് ഒരിക്കലും ദ്വേഷമുണ്ടാകുന്നില്ല. അയാൾ എല്ലാ ജീവികളിലും തന്റെ പ്രഭുവിനേയും, എല്ലാ പദാർത്ഥങ്ങളിലും സ്ഥിതികളിലും പ്രഭുവിന്റെ ലീലയേയും കണ്ടുകണ്ടു് നിമിഷംതോറും ആനന്ദതുന്ദിലനായിത്തീരുന്നു!

ലോകം മുഴുവനെതിർത്തു ചൊല്ലീടിലും,
ലോകം ഹരിയാൽ നിറഞ്ഞു കാൺമൂ വയം,

അരനിമിഷംപോലും അന്യ പദാർത്ഥങ്ങളിൽ രമിക്കാതെ ഭക്തന്റെ മനസ്സ് സദാ ഭഗവൽപ്രേമത്തിൽ ലയിച്ചുകൊണ്ടിരിക്കുന്നു. ശ്രീകൃഷ്ണന്റെ നിർദ്ദേശപ്രകാരം വേദാന്തോപദേശം ചെയ്വാൻ വന്ന ഉദ്ധവരോട് ഗോപികമാർ പറയുകയാണ്:—

ഉദ്ധവാ, വേദാന്തങ്ങളെന്തിനിങ്ങനെ വൃഥാ
ബദ്ധകൌതുകം ഭവാനോതുന്നു നിരന്തരം,
ഞങ്ങൾതൻ മനമെന്നൊന്നുണ്ടെങ്കിലതശ്യാമ
സുന്ദരാകാരപൂജ തന്നിലേ നിമഗ്നമാം.

മനസ്സ് തന്റെ അരികത്തില്ലാതിരിക്കെ അതെങ്ങനെ മറ്റൊന്നിൽ രമിക്കും? അതുകൊണ്ടു പ്രേമികളുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഭഗവാന്റെ നാമം മാനസ ചോരൻ എന്നാകുന്നു:—

കായാമ്പൂനിറമൊത്ത ചോരനാംഹരിയെങ്ങൾ
മാനസം കൺകോണിനാൽ കവർന്നുകഴിഞ്ഞല്ലോ,

അദ്ദേഹം ഭക്തന്റെ മനസ്സിനെ ചാതുര്യത്തോടുകൂടി കവർന്നിട്ടു മറ്റൊന്നിന്റെയും കാഴ്ചക്കിടകൊടുക്കാതെ അതിൽ തന്റെ സമ്പത്തിനെ സ്വരൂപിയ്ക്കുന്നു. വേറൊന്നിനെ നോക്കുമ്പോൾ അതിൽ ആസക്തിയോ പ്രീതിയോ ഇല്ലെങ്കിൽ യാതൊരു മനസ്സിൽ മറ്റൊന്നിന്റെ കല്പനാശക്തിക്കു സ്ഥാനമില്ലെങ്കിൽ അവിടെ അതിൽ എങ്ങനെ ആസക്തി അല്ലെങ്കിൽ രതിയുണ്ടാകും? പ്രേമമയികളായ ഗോപികമാർ പറയുന്നതു നോക്കുക:—

എന്തിനിങ്ങനെ വീണ്ടും വേദാന്തപ്രസംഗത്താൽ
സന്തതംസ്മയത്തെപ്പൊഴർക്കിക്കുളയുന്നു?

സൎവ്വസൽഗ്ഗുണശുഭശോഭനസൌഖ്യാസ്പദ-
മായഗോപാലനൊഴിഞ്ഞന്യമില്ലിവക്കൊന്നും
ഞങ്ങൾതൻ ശരീരവും മനസ്സും സൎവ്വസ്വവു-
മുധവാ, നന്ദാത്മജൻ മാത്രമാണറിഞ്ഞാലും
ആ പ്രിയങ്കരൻ തൻെറ ചിന്തയാൽ ജീവിയ്ക്കുന്നു
ഇപ്രപഞ്ചത്തിൽ ഞങ്ങൾക്കാധാരമവനല്ലൊ.
ആനന്ദമയമൂൎത്തിയാകുമായവൻ തൻെറ
ധ്യാനത്താൽ കൃതകൃത്യരിജ്ജനമെല്ലായ്പോഴും
കൈയ്യിൽവന്നകപ്പെട്ടുള്ളായതു വെടിഞ്ഞിപ്പു-
കൊള്ളുമോ പറന്നുപോമായതിലാരെങ്കിലും

ഏകമാത്രപ്രിയതമനായ ശ്രീകൃഷ്ണനെ ഒഴിച്ചു മറെറാന്നിന്നും തന്നെ മനസ്സിൽ പ്രവേശം നിഷേധിച്ചിരിക്കെ, മറെറാരു വസ്തു ലഭിക്കുവാൻ ആഗ്രഹമുണ്ടാകുന്നതുതന്നെ എങ്ങനെയാണ്? എന്തെങ്കിലും ഒന്നിനെക്കുറിച്ചു മനസ്സിൽ ആഗ്രഹമുണ്ടായാൽ അതിന്നുവേണ്ടി പ്രയത്നിക്കാതിരിക്കുന്നുണ്ടോ? മനസ്സു ഏതിലെങ്കിലും രമിക്കുകയാണെങ്കിൽ അപ്പോൾ അതു കിട്ടുവാൻ ആഗ്രഹമുണ്ടാവുന്നതു സ്വാഭാവികമാണ്. എന്നാൽ മനസ്സു മുൻകൂട്ടിത്തന്നെ വേറൊരു ശക്തിക്കു അധീനമായിക്കഴിഞ്ഞു. അതു മനസ്സിൽ തൻെറ പൂൎണ്ണാധികാരം ചെലുത്തുവാൻ തുടങ്ങി. സദാ താൻതന്നെ എന്നെന്നയ്ക്കുമായി അതിൽ വന്നിരിപ്പുമായി. വേറെ ആൎക്കുംതന്നെ അതിൽ യാതൊരധികാരവുമില്ല. ആരെങ്കിലും അധികാരം ചെലുത്തുവാൻ ഇച്ഛിച്ചുവരികയാണെങ്കിൽത്തന്നെ മടങ്ങിപ്പോരേണ്ടി വരുന്നു. എന്തു ചെയ്യാം, അവിടെ ഒഴിഞ്ഞ സ്ഥലംതന്നെയില്ല

രോമങ്ങൾതോറും ഹരിവാഴുമിസ്സുരീരത്തി-
ലേതുമേയൊഴിഞ്ഞുള്ളോരിടമില്ലറിഞ്ഞാലും

സാധുവായ നേത്രങ്ങൾ മനസ്സിൻെറ അനുമതികൂടാതെ വല്ല വസ്തുവിനേയും തിരിഞ്ഞു നോക്കുന്നുണ്ടോ? ഒന്നിനേയും ഒരിടത്തും കാണുന്നതുതന്നെയില്ലെങ്കിൽ കിട്ടുന്നതിന്നുള്ള ഉത്സാഹം അസംഭാവ്യമാണല്ലോ.

മനുഷ്യനു സുഖേച്ഛകൊണ്ടു് ഉത്സാഹമുണ്ടാകുന്നു എന്നതാണു മറെറാരു സംഗതി. എന്നാൽ എല്ലാ സുഖങ്ങളുടേയും അടിസ്ഥാനംതന്നെ തൻെറ കൈവശമുണ്ടെങ്കിൽ ക്ഷുദ്രസുഖങ്ങൾക്കു് ഉത്സാഹം എങ്ങനെ സംഭവിക്കും? അതുകൊണ്ടു പ്രേമോത്സാഹം നിമി

ത്തം കേവലം കളിപ്പാട്ടമായിത്തീൎന്ന ഭഗവൽ പ്രേമികളിൽ ലൌകിക കാൎയ്യങ്ങളെസ്സംബന്ധിച്ചേടത്തോളം—വിഷയങ്ങളുടെ നേരെ യാതൊരു ഉത്സാഹവും കാണപ്പെടുന്നില്ല.

ഭഗവാൻതന്നെ അരുളിച്ചെയ്യുന്നു:—

യോ ന ഹൃഷ്യതി ന ദ്വേഷ്ടി
ന ശോചതി ന കാംക്ഷതി,
ശുഭാശുഭപരിത്യാഗീ
ഭക്തിമാൻ യഃ, സ മേ പ്രിയഃ. (ഭഗവൽഗ്ഗീത 12. 17)

"യാതൊരാൾ ഒരിക്കലും സന്തോഷിക്കുകയോ, ദ്വേഷ്യപ്പെടുകയോ, വ്യസനിക്കുകയോ, ആഗ്രഹിക്കുകയോ ചെയ്യുന്നില്ലയോ, അതുപോലെ ശുഭാശുഭങ്ങളെ ഉപേക്ഷിച്ചിരിക്കുന്നുവോ ആ ഭക്തൻ എനിക്കു പ്രിയനാകുന്നു."

6. യജ്ജ്ഞാത്വാ മത്തോഭവതി, സ്തബ്ധോ ഭവതി, ആത്മാരാമോ ഭവതി.

യാതൊന്നിനെ—പരമപ്രേമരൂപമായ ഭക്തിയെ അനുഭവരൂപത്തിൽ അറിഞ്ഞാൽ മാത്രമേ മനുഷ്യൻ ഉന്മത്തൻ—ആനന്ദലഹരിയോടുകൂടിയവനാകുന്നുള്ളു; സ്തബ്ധൻ—ശാന്തനാകുന്നുള്ളു; ആത്മാരാമൻ—തന്നിൽത്തന്നെ രമിക്കുന്നവനാകുന്നുള്ളു.

ഭഗവൽപ്രേമം വൎദ്ധിക്കുന്നതോടുകൂടി അതു മനുഷ്യനെ ഭ്രാന്തനാക്കിത്തീൎക്കുന്നു. അതുകൊണ്ടുതന്നെയാണു പ്രേമിയായ ഭക്തൻ സദാ പ്രേമലഹരിയിൽ മുഴുകി രാവുപകൽ ഭഗവൽഗ്ഗുണങ്ങളെത്തന്നെ പാടുകയും, കേൾക്കുകയും, ചിന്തിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതു്. പുറമേയുള്ള മറെറാരു സംഗതിയുടേയും ബോധംതന്നെ അയാൾക്കുണ്ടായിരിക്കുന്നതല്ല. തന്നിഷ്ടംപോലെ പിറുപിറുക്കുകയും, പ്രവൃത്തിക്കുകയും ചെയ്യുന്ന ഭ്രാന്തനെപ്പോലെ ആ പ്രേമോന്മത്തനും ഭഗവൽ ചൎച്ചയിൽത്തന്നെ ലയിച്ചുകൊണ്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അയാളുടെ മനസ്സിൽ ആ ഒരേ ഒരു ആഗ്രഹം മാത്രമേയുള്ളു. ശ്രീമൽ ഭാഗവതത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

ശൃണ്വൻ സുഭദ്രാണി രഥാംഗപാണേ-
ൎജ്ജന്മാനി കൎമ്മാണി ച യാനി ലോകേ
ഗീതാനി നാമാനി തദൎത്ഥകാനി
ഗായൻ വിലജ്ജോ വിചരേദസംഗഃ

ഏവം വ്രതഃ സ്വപ്രിയ നാമകീർത്ത്യാ
ജാതാനുരാഗോദ്രുത ചിത്ത ഉച്ചൈഃ
ഹസത്യഥോ. രോദിതി രൌതി ഗായ--
ത്യുന്മാദവന്നൃത്യതി ലോകബാഹ്യഃ (11-2 39, 40)

"ഭക്തൻ ചക്രപാണിയായ ഭഗവാൻെറ പ്രപഞ്ചകല്യാണപരമായ പ്രസിദ്ധ അവതാരങ്ങളേയും, പ്രവൃത്തികളേയും കേട്ട് അതിന്നനുസരിച്ചുണ്ടായ നാമങ്ങളെ. ലജ്ജാവിഹീനനായി പാടിക്കൊണ്ട ലോകത്തിൽ അനാസക്തനായി സഞ്ചരിക്കുന്നു. ഇങ്ങനെയുള്ള വ്രതത്തോടുകൂടിയവൻ തൻെറ പരമാത്മാവിൻെറ നാമ സങ്കീർത്തനത്താൽ അദ്ദേഹത്തിൽ അത്യന്തം പ്രേമപരവശനായി, മനമലിഞ്ഞ് ഉന്മത്തന്നുതുല്യം ഇടക്കിടക്കു അലൌകികഭാവത്തോടുകൂടി ഉറക്കെ ചിരിക്കുന്നു; ഇടക്കിടെ കരയുന്നു; ഇടക്കു നിലവിളിക്കുന്നു; കൂടക്കൂടെ ഉച്ചത്തിൽ പാടുന്നു; ഇടക്കു നൃത്തംവെയ്യുന്നു."

ഇപ്രകാരം ഉന്മത്തനെപ്പോലെ വർത്തിക്കുന്ന പ്രേമിയായ ഭക്തൻ ആനന്ദഭരിതനായി ചിലപ്പോൾ മൌനിയായിരിക്കുന്നു; ശാന്തനായിരിക്കുന്നു. ഈ സ്തബ്ധത ആയാളുടെ പൂർണ്ണകാമതയെയാണ് കാണിക്കുന്നതു്. പ്രഭുവിൻെറ കോമളവിഗ്രഹം ഹൃത്തിൽ പ്രത്യക്ഷമാകുന്നു. ആ രൂപമാധുരിയിൽ ആനന്ദമത്തനായി ഭക്തൻ ധ്യാനനിമഗ്നനാവുന്നു.

തീക്ഷ്ണഭക്തിയുടെ ദശാവിശേഷത്തെക്കുറിച്ചു പറയുമ്പോൾ മഹാനായ തുളസീദാസൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

മുനിമാർഗ്ഗത്തിൽ പരമചലനായീടുമ്പോൾ
തനു രോമാഞ്ചംകൊണ്ടു പനസഫലംപോലാം.

നൃത്തം ചെയ്തുചെയ്ത് താൻ പ്രഭുമയമായതിനു ശേഷം അതിന്നനുസരണമായി പ്രവർത്തിക്കുന്നു. മനസ്സും, ശരീരവും സർവ്വഥാ സ്തബ്ധം—ശാന്തമായിത്തീരുന്നു. ആത്മാവു ആനന്ദമയമായിത്തീരുന്നു. ഈ അവസ്ഥ പ്രാപിച്ചവരെയാണ് ആത്മാരാമൻ എന്നു പറയുന്നതു്. ഈ ആത്മാരാമസ്ഥിതിയിൽ വിഷയമൃഗതൃഷ്ണയ്ക്കു സ്ഥാനമേ ഇല്ല.

നഹി സ്വാത്മാരാമം വിഷയമൃഗതൃഷ്ണ ഭ്രമയതി

മറ്റൊന്നിൻേറയും ബോധംതന്നെ ഉണ്ടായിരിക്കയില്ല. ഇതിനെതന്നെയാണ് പ്രേമാദ്വൈതം അല്ലെങ്കിൽ രസാദ്വൈതം എന്നു പറയുന്നതു്. പ്രിയതമയോടു കൂടിച്ചേരുമ്പോൾ പ്രേമികളുടെ വൈയക്തികാവസ്ഥ അപ്രത്യക്ഷമാകുന്നു. (തുടരും)

# കവിയും നിരൂപകനും

മാധവൻ ചാത്തന്നൂർ

(കേക)

ചിതറും മരത്തിൻെറ ചീളുകളോരോന്നായി
ച്ചിതലിൻ വായിൽനിന്നും പെറുക്കിപ്പൊടിനീക്കി
ചാരുത ചേരും മണിപ്പേടകം തീർത്താശ്ശില്പി
ചോദിച്ചു: "സ്വമഹാത്മൻ എവ്വിധമിരിയ്ക്കുന്നു?"

പുരികം ചുളിച്ചൊന്നു നോക്കിനാ നായാൾ; നിന്ദാ-
സ്മൃതിതം "വിടവുററ ചേപ്പുകൾ" ഓതിപ്പോയീ.
അഴിച്ചും മുറുക്കിയും പിന്നെയും കുററംതീർത്തു്
മൊഴിഞ്ഞു പാവം ശില്പി: "യിപ്പൊഴോ ധന്യാത്മവേ?"
ഉളിയും മുഴക്കോലും തീണ്ടാത്ത വിരൽത്തുമ്പാ-
ലുരസിക്കനിഞ്ഞോതീ: "മിനുസം വന്നീലല്ലോ!"
വിയപ്പിൽ നനച്ചേററ മിനുക്കി വീണ്ടും; ധീമാൻ
കയത്തപ്പൊഴുമോതി: "തുറക്കാനാകുന്നീല!"
നീരസം ദർശിച്ചീട്ടും ലോകരോതിനാ, "രെന്തൊ-
ന്നീവിധം വിമർശിയ്ക്കാൻ നിർമ്മാതവല്ലല്ലോ നീ"
തഴമ്പിൻ പ്രതിഫലം കൈ നിറയുമ്പോൾ, രണ്ടു-
മിഴികൾ ഭൂരേക്കണ്ടു: ഭീനാനുകമ്പാഹ്വങ്ങൾ!

* * * *

ശില്പിയിൽ ഞാൻ കാണുന്നു: വളരും കവികളെ
കെല്പററ നിരൂപകമ്മന്യരെ യപരനിൽ !!

# ഉള്ളൂർ കവിതകളുടെ ജനകീയത*

വി. വിജയൻ എം. ഏ.

നല്ലവണ്ണം പഠിച്ചു നിരൂപിക്കേണ്ടവയാണു ഉള്ളൂർ കൃതികൾ എന്നതു് ആ കവിതയോടു പരിചയിച്ചിട്ടുള്ള ആർക്കും അറിയാം. നിർഭാഗ്യവശാൽ ഉള്ളൂർ കവിതയുടെ മൂല്യം സാഹിത്യപ്രേമികൾക്കുപോലും ആധുനികകാലത്തു നിരൂപിക്കുവാൻ നിവൃത്തിയില്ലാത്തവിധം ദുഷ്ടമായ നിരൂപണങ്ങൾ അവയെ ആവരണം ചെയ്തിരിക്കുന്നു. കർണ്ണഭൂഷണത്തിന്റെ "അന്തരീക്ഷം" കാണുകയും പിംഗളയുടെ "മാറ്റൊലി" കേൾക്കുകയും ചെയ്തു മാത്രം ഉള്ളൂർക്കവിതകളുടെ മൂല്യം നിശ്ചയിക്കുന്നതു് സാഹസമാണു്. അതിമനോഹരങ്ങളായ ആഭരണങ്ങൾ ശേഖരിച്ചുവെച്ചിട്ടുള്ള ആഭരണശാലയിലേക്കു കടക്കുമ്പോൾ പടിക്കൽവെച്ചു കണ്ട മുക്കുപണ്ടവ്യാപാരി തന്റെ ചരക്കിന്റെ മേന്മ പറഞ്ഞു നമ്മെ പാട്ടിലാക്കി മടക്കി അയക്കുകയാണു്. നാം ആ മുക്കുപണ്ടങ്ങളിട്ടു ഞെളിയുന്നു. അല്ലെങ്കിൽ ശ്രീകോവിലിലേക്കു കടക്കുംമുമ്പേ ഹോട്ടലിലേക്കു കൂട്ടിക്കൊണ്ടുപോകുവാൻ നമ്മെ കാത്തുനിൽക്കുന്ന ചിലരുടെകൂടെ ക്ഷേത്രസന്ദർശനമുപേക്ഷിച്ചു നാം പോകുന്നു. ഇത്തരം വ്യാമോഹങ്ങളും പ്രതിബന്ധങ്ങളും തട്ടിനീക്കി മുൻപോട്ടുപോവുകയാണെങ്കിൽ ഉണ്ടാവുന്ന അനുഭവങ്ങളുടെ മാഹാത്മ്യമാലോചിയ്ക്കുമ്പോൾ ഉൽകൃഷ്ടസാഹിത്യാസ്വാദനത്തിന്റെ മുമ്പിൽ ഞെളിഞ്ഞു കഴിഞ്ഞുകൂടുന്ന നിരൂപകന്മാരെ ഒട്ടും ഗണ്യമാക്കാതെതന്നെ നേരെ കാവ്യപരിശീലനത്തിനു പരിശ്രമിക്കുന്നതിനെ എത്ര പ്രശംസിച്ചാലും അധികമാവുന്നതല്ല. നിരൂപണങ്ങളുടെ ഉൽകൃഷ്ടഗുണങ്ങളെ അപലപിക്കുകയല്ല, നിരൂപണങ്ങൾക്കു വേണ്ടതിലധികം പ്രാധാന്യം കൊടുത്തു അവയെമാത്രം "മാനദണ്ഡ"മാക്കി കാവ്യജീവിതത്തിൽ "പ്രയാണം" ചെയ്യുന്നതിനാൽ അവനവനുള്ള ബുദ്ധിശക്തിയേയും ചിന്താശക്തിയേയും ഏറെക്കുറെ നിഷേധിക്കുകയാണെന്നു കാണിക്കുകയാണു്. ഒരു നിരൂപകൻ "ഏതെങ്കിലും തരത്തിൽ" ആരാധ്യനായിക്കഴിഞ്ഞാൽ പിന്നെ ആ നിരൂപകൻ പറഞ്ഞതുതന്നെ സർവ്വസംഗതികൾക്കും പ്രമാണം. പിന്നെ നമുക്കു ചിന്താശക്തിയെ ചിലവാക്കാതിരിക്കുന്നതു് ഒരു കണക്കിനു സുഖംതന്നെ. സാഹിത്യപരിചയത്തിൽ ഈ സമ്പ്രദായം അതിരുകടന്നു ആദരിക്കപ്പെട്ടതാ

* 15-3-53-ൽ പാലക്കാട്ട് കലാസമിതിയിൽ ചെയ്ത പ്രസംഗം.

ൻെറ ഫലമായി നമുക്കു ക്രമേണ നഷ്ടപ്പെട്ടുവരുന്ന ഒന്നാണു ഉള്ളൂർ കവിതകളുടെ മൂല്യബോധം എന്നു ഈ ബാധകളിൽനിന്നു തൽക്കാലമെങ്കിലും ഒഴിഞ്ഞുനിന്നുനോക്കിയാൽ കാണുവാൻകഴിയും

എന്തിൻെറയും ജനകീയതയെ ആദരിക്കുന്ന കാലമാണ് ഇത്. മനുഷ്യജീവിതവ്യാപാരങ്ങൾ പ്രതിഫലിക്കുന്ന മനുഷ്യസൃഷ്ടമായ കലയിലും ജനകീയത വരുത്തുന്നതിൽ അത്ഭുതമില്ല. അധികജനങ്ങളുടെ അധികഗുണത്തിനുവേണ്ടിയുള്ള പ്രയത്നം പ്രശംസനീയമാണെന്ന തത്വം അനപലപനീയംതന്നെ. ജനകീയതയ്ക്കു പലരും പല വ്യാഖ്യാനവും നൽകിക്കാണുന്നുണ്ടെങ്കിലും പ്രസ്തുത തത്വമാണു ജനകീയതയുടെ ജീവൻ എന്നു ആരും സമ്മതിക്കും. സാഹിത്യത്തിൽ ഇന്നത്തെ നിരൂപകഭാഷയിൽ പറയുകയാണെങ്കിൽ പ്രധാനപ്പെട്ട രണ്ടു ഘടകങ്ങളാണല്ലൊ ഭാവവും രൂപവും; പ്രതിപാദ്യമെന്നും പ്രതിപാദനമെന്നും പറയാവുന്ന ആ രണ്ടു ഘടകങ്ങൾതന്നെയാണു ഇതും. ഇതു രണ്ടിനേയും വേണ്ടപോലെ അപഗ്രഥിച്ചു രണ്ടിലേയും ജനകീയതയുടെ സ്വഭാവം വിവരിച്ച് ഓരോ കവികളും അതിൽ എത്രത്തോളം ചെയ്തിട്ടുണ്ടെന്നു നോക്കിയാൽ അവരുടെ കവിതയുടെ ജനകീയതയുടെ ഒരു നിരൂപണവുമാകുമല്ലൊ.

ആശയഗംഭീരനായ ആശാനെന്നും ഉല്ലേഖഗായകനായ ഉള്ളൂരെന്നും ശബ്ദസുന്ദരനായ വള്ളത്തോൾ എന്നും അറിഞ്ഞുവരുന്ന മൂന്നു കവിവര്യന്മാരാണല്ലൊ ആധുനിക മലയാള കവികളുടെ ഇടയിൽ മഹാന്മാർ. മനുഷ്യജീവിതസംഭവങ്ങൾക്കു കവിതയിൽ പ്രാധാന്യം കൊടുത്ത് അതിനെ വേണ്ടതുപോലെ നിയന്ത്രിച്ച് അഭിവൃദ്ധിപ്പെടുത്തുവാൻ കവിതയ്ക്കു കഴിവുണ്ടെന്നു് ഇവരുടെ കവിതകളെല്ലാം തെളിയിച്ചിട്ടുണ്ട്. ജീവിതസംബന്ധികളായ വിഷയങ്ങളെ അധികജനങ്ങളുടെ ആവശ്യത്തിനുവേണ്ടി കവിതയിൽ മനോഹരമായി പ്രതിപാദിക്കുവാൻ കഴിഞ്ഞിട്ടുള്ളതിൽ മൂന്നു പേരും വിജയിച്ചിട്ടുണ്ട്. കവിതയ്ക്കു ക്ലിപ്തപ്പെടുത്തിയ വിഷയങ്ങളല്ലാതെ ജീവിതവിമർശനത്തിനുതകുന്ന നിത്യസംഭവങ്ങൾ എന്തും ആവാം എന്ന ആധുനിക കവിതാശാസ്ത്രത്തെ മഹാകവി ഉള്ളൂരും അത്യധികം ആദരിച്ചിരുന്നു. ആ മഹാകവിയുടെ കവിതകളുടെ ഉള്ളു കാണുവാൻ സാധിക്കാത്തവരുടെ കള്ളപ്രമാണങ്ങൾ കണ്ണടച്ചു വിശ്വസിക്കുന്നവർക്ക് ഇതൊരു പുതുമയായി തോന്നിയേക്കാം. "കിരണാവലി"യിലെ "വിചാരധാര"യും, "തരംഗിണി"യിലെ "പ്രഭാതഗാഥ"യും "മണിമഞ്ജൂഷ"യിലെ "പ്രേമസംഗീത"വും, "രത്നമാല"യി

ലെ "മാതൃഭൂമി"യും മഹാകവിയുടെ ഉൽക്കൃഷ്ടജീവിതവിമർശനങ്ങളായി വിലസുന്നുണ്ട്. ഹൃദയകൌമുദിയിൽ കൂപം കുംഭത്തോടു പറയുന്നതായി കല്പിച്ച ജീവിതധർമ്മരഹസ്യത്തെ പ്രതിപാദിക്കുന്ന കൂപാലാപം എന്ന കവിത ഇവിടെ ഓർമ്മവരുന്നു. "സിംബോളിസം" "മിസ്റ്റിസിസ്സം" എന്നെല്ലാം പറഞ്ഞു വായനക്കാരുടെ കണ്ണിലും കരളിലും പൊടിയിടുന്ന പിരട്ടുകൾ ഉള്ളൂർ കവിതകളിൽ കാണാത്തതു് ഒരു പക്ഷെ, അതിൻെറ ജനകീയതയ്ക്കു പോരായ്മയായിരിക്കാം.

"എവിടെ നോക്കുന്നു വെളിയിലോമനെ
സവിധമാർന്ന നിൻ പ്രിയനെ നീ
.... .... .... .... .... ....
വടിവിൽ നിന്നുള്ളാം മണിയറയുടെ
നടയിൽനിൽപു നിൻ ഹൃദയേശൻ" (തത്വോപദേശം)

ഇത്തരം കൃതികളിൽ വിശ്വമഹാകവി രവീന്ദ്രനാഥ ടാഗോറിൻെറ ആശയങ്ങൾ എത്ര മനോഹരവും ഗംഭീരവുമായി പ്രവഹിക്കുന്നു. ഇതുപോലെത്തന്നെ

ഇരുമ്പിലും ഞാൻ വായിച്ചേൻ ധ്വനികാവ്യം സുധാമയം
മൌനത്തിലും ചെവിക്കൊണ്ടേൻ മധുരം വല്ലകീക്വണം

എന്നതിലെ ആശയാവിഷ്കരണമാണു പരിശുദ്ധവും ആദർശപരവുമായ "മിസ്റ്ററിസിസം" എന്നും വാദിക്കാവുന്നതാണ്.

"കണ്ണും കരളുമുള്ളോരേ—അയ്യോ
പുണ്യം പുലന്മാരലോരേ."
"പട്ടിണികൊണ്ടുപൊരിയുന്ന—പിച്ച
ച്ചട്ടിയിൽ കാശൊന്നുമില്ലേ.
വല്ലതുമിട്ടേച്ചുപോണേ- തുള്ളി
കല്ലരിക്കഞ്ഞിനീർ മോന്താൻ"

എന്നും

"എൻെറ തമ്പുരമ്മാരെ നെഞ്ചിരക്കമുള്ളോരേ
കൺരണ്ടുമില്ലാപ്പാപി കാശൊന്നിങ്ങിടേണമേ"

എന്നും ഉള്ള ഭാഗങ്ങൾ ഉള്ളൂർകവിതയിൽ കണ്ടുകൊണ്ടു അദ്ദേഹം പരിതസ്ഥിതിനിരീക്ഷകനായിരുന്നില്ലെന്നു പറയുന്നതു തീരെ അനുചിതമല്ലെ! ചുരുക്കത്തിൽ ഇതരമഹാകവികളേപ്പോലെത്തന്നെ അദ്ദേഹവും വികാരാവിഷ്കരണേച്ഛയെ ആദരിക്കുകയും കവിതയെ അതിനുപയോഗിക്കുകയും ചെയ്തു.

പ്രതിപാദ്യമെന്നും പ്രതിപാദനമെന്നും സാഹിത്യത്തിൻെറ രണ്ടു വശങ്ങൾ പറഞ്ഞുവല്ലൊ. ഇതിൽ പ്രതിപാദനത്തിന്നല്ല പ്രതിപാദ്യത്തിന്നാണു് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതെന്ന തത്വം ഇതരകവികളെപ്പോലെ ഉള്ളൂരും അനുസരിച്ചിട്ടുണ്ടെന്നും ആ നിലയിൽ ആ കവിത്രയങ്ങളുടെ മണ്ഡലത്തിൽ ഉള്ളൂരിനുള്ള സ്ഥാനം ഒരിക്കലും താഴ്ന്നുപോകയില്ലെന്നും സാമാന്യമായി നിരൂപിച്ചുവല്ലൊ. ആ കാലത്തെ കവികളിൽ അഗ്രഗണ്യനായി "വിപ്ലവത്തിൻെറ ശുക്രനക്ഷത്ര"മായി കുമാരനാശാനെയും വാഴ്ത്തുന്നതിനു എന്തെന്തു ധർമ്മങ്ങൾ അദ്ദേഹത്തിൻെറ കൃതികളിലുണ്ടോ അതിലൊട്ടും താഴെയല്ല അതിലൊട്ടു മീതെതന്നെയാണു ഉള്ളൂർ കവിതകൾ പരിലസിക്കുന്നതെന്നു കാണാം. ജാതിസമ്പ്രദായങ്ങളോടു പടവെട്ടുക, സ്നേഹത്തിൻെറ യഥാർത്ഥ സ്വഭാവമറിയാതെ അനർത്ഥങ്ങളുണ്ടാകുന്ന ജീവിതത്തിന്നു സ്നേഹത്തിൻെറ സൂക്ഷ്മസ്വഭാവം പറഞ്ഞുകൊടുക്കുക, മനുഷ്യൻെറ കർമ്മോന്മുഖതയെ ഉത്തരോത്തരം ഉത്സാഹിപ്പിച്ചു മുൻപോട്ടു നയിക്കുക ഈ മൂന്നു പ്രവൃത്തികളിലാണു് ആശാൻ ശ്രദ്ധിച്ചിരുന്നതെന്നു ഈ ഘട്ടത്തിൽ ശ്രദ്ധേയമാണു്. ഇതേ ആശയങ്ങളുടെ പ്രചരണത്തിനും പ്രതിപാദനത്തിനും വേണ്ടിത്തന്നെയാണു മററു രണ്ടുപേരും കവിതയെ ഉപയോഗിച്ചിരുന്നതും, ഉദാഹരണങ്ങൾ വളരെയധികം എടുത്തു കാട്ടുകയല്ല ഈ സാദൃശ്യം പരിശോധിക്കുകയാണീ ഇവിടെ ഉദ്ദേശം.

"അന്ധകൂപത്തിൽ കൂപം—ആയതിൽ വീണ്ടും കൂപം
ഹന്ത! നാമെത്ര താഴത്താണ്ടുപോയ് സഗർഭ്യരേ!
(സൌഭ്രാത്രഗാനം)

"ഒരച്ഛനമ്മയ്ക്കു പിറന്നമക്കൾ
ഓർത്താലൊരൊററത്തറവാട്ടുകാർ നാം"
(സുഖം-സുഖം)

"മാറെന്നു നാമിന്നോതും വാക്കുനാം നാളെകേൾക്കും
നൂറുനൂറിരട്ടിച്ചു നാകത്തിൻ ദ്വാരത്തിങ്കൽ"
(മാറു്)

ഇത്യാദി കൃതികളിൽ കാണുന്ന ജാതിവിദ്വേഷം ഒരുപക്ഷെ കാണുവാനാരും ശ്രദ്ധിച്ചിരിക്കയില്ല. ആശാനും വള്ളത്തോളും ജാതിക്കെതിരായി പലതും പറഞ്ഞിട്ടുണ്ടു്. ശരിതന്നെ. ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, ജാതിപ്രഭാവം, ശൂദ്രരിൽശൂദ്രൻ മുതലായ കൃ

തികളിൽനിന്നും എത്രയോ ഉയൎന്നതും ശ്ലാഘനീയവുമാണു് ഉള്ളൂരിൻെറ ശക്തിയേറിയ ഇത്തരം അഭിപ്രായങ്ങൾ എന്നറിയുവാൻ അദ്ദേഹത്തിൻെറ ജാതിമഹത്വവും ഉൽകൃഷ്ട വ്യക്തിപ്രഭാവവും ആലോചിച്ചാൽ മതി. ഒരാഢ്യബ്രാഹ്മണനായി ജനിച്ചു് അത്യുന്നതപദവികളിലേയ്ക്കു സ്വപ്രയത്നംകൊണ്ടുയൎന്നുപോയ അദ്ദേഹം ജാതിക്കെതിരായി പറയുന്നതും ജന്മംകൊണ്ടും യത്നംകൊണ്ടും ആ പദവിയിലെത്തിയിട്ടില്ലാത്തവർ പറയുന്നതും രണ്ടും രണ്ടാണു്. ത്യാഗമനോഭാവവും ആത്മാൎത്ഥതയും അതുകൊണ്ടുള്ള മാഹാത്മ്യവും ഏതിനാണെന്നു നിങ്ങൾ തീൎച്ചപ്പെടുത്തിയാൽ മതി.

പ്രേമത്തെക്കുറിച്ചു ഉള്ളൂർ എഴുതീട്ടുള്ളതും അദ്ദേഹത്തെ അതിദിവ്യനായ ഒരു കവി ആക്കുന്നുണ്ടു്.

“ഒരൊററമതമുണ്ടുലകിന്നുയിരാം പ്രേമമതൊന്നല്ലോ
പരക്കെനമ്മെപാലമൃതൂട്ടും പാൎവ്വണശശിബിംബം”

(പ്രേമസംഗീതം)

എത്ര സാൎവ്വലൌകികമായൊരാശയം! “അന്നത്തെ രാത്രി” എന്ന കവിതയിൽ “കൎത്തവ്യ”മെന്നു പേരുംപറഞ്ഞു ഒരു പൎവ്വതാകാരം കവിയുടെ മുമ്പിൽ സ്വപ്നത്തിൽ പ്രത്യക്ഷമായതു പ്രതിപാദിച്ചിട്ടുണ്ടു്. കൎത്തവ്യത്തിലൂടെ മുമ്പോട്ടുകയറി സ്വൎഗ്ഗത്തിലെത്തുവാൻ ഉപദേശിക്കുമ്പോൾ കുത്തനെ നില്ക്കുന്ന ആ പൎവ്വതത്തിൽ കയറി ദുൎഗ്ഗമമായ മാൎഗ്ഗത്തിൽ സഞ്ചരിക്കുവാൻ ഭയന്നു് നില്ക്കുന്ന കവിയോടു് ആ പൎവ്വതം വീണ്ടും പറയുകയാണു്.

“സ്നേഹമാം ദിവ്യാഞ്ജനം ലേപനം ചെയ്താൽ വിട്ടു
പോകുമാദ്ദീനം സൎവ്വം സ്നേഹിക്കു ലോകത്തിനെ”

എന്നു സ്നേഹത്തെക്കുറിച്ചുള്ള കവിയുടെ ബോധം അതിനെ ഒരു സഞ്ജീവനിയാക്കിയിരിക്കുന്നതു നോക്കുക.

“ഘോരയാം മസൂരിതൻ വക്ത്രത്തിനുള്ളിൽപ്പെട്ട
താരയ്ക്കു” ഈശ്വരൻ ജന്മം നല്കിയ നിലയിൽ താരയെ ഭൎത്താവായ സുധാകരൻ കാണുവാൻ വരുന്ന ഘട്ടത്തെ ഭാവപ്രധാനമായി വൎണ്ണിക്കുന്ന ഒരു കവിതയാണു “താര” തൻെറ വൈരൂപ്യത്തിൽ പ്രലപിക്കുന്ന രാധയുടെ മാനസികസൌന്ദൎയ്യം നുകരുന്ന സുധാകരൻ പറയുന്നതു നോക്കുക.

“കാലമാം കിരാതൻെറയമ്പുകൊണ്ടുണ്ടാം വ്രണം
കാലമാം ഭിഷക്കിൻെറ ധാരയാൽ മാറും സഖി” എന്നു്.

ഇതുകൊണ്ടാശ്വസിക്കപ്പെട്ട താര ഭൎത്താവിനെ കെട്ടിപ്പിടിച്ചാ

ശ്ലേഷിച്ചതു് ആ ധന്യൻ അനുഭവിച്ചതെങ്ങിനെയെന്നു കവി വർണ്ണിക്കുന്നു.

"ഉത്തമം തൽക്കാവ്യാർത്ഥമാസ്വാദിക്കവേ തെല്ലും
ശബ്ദചിത്രത്തിൻ കാര്യമോർത്തീലധന്യധ്വാഗൻ"

കാവ്യങ്ങളുടെ ബാഹ്യ ഭംഗിയും ആന്തരാർത്ഥവുംപോലെയാണു സൌന്ദര്യത്തിൻെറ ബാഹ്യവും ആന്തരവുമായ സ്വരൂപമെന്നു പറഞ്ഞുവെച്ചതിൽ എന്തെല്ലാം ആശയങ്ങളാണു ധ്വനിക്കുന്നതു്!

ജീവിതാനുഭവങ്ങളിൽ മടുപ്പുവന്നു ജീവിതത്തെ വെറുക്കുന്നതോ അതുതന്നെ ആലോചിച്ചു സദാ കരഞ്ഞുകൊണ്ടിരിക്കുന്നതോ ആശാസ്യമല്ല. മനുഷ്യസ്നേഹികളായ കവികൾ അതിനെ എന്നും അപലപിച്ചിട്ടുണ്ടു്. ഉള്ളൂർക്കവിതകളിലും ഇത്തരം സ്വഭാവങ്ങൾ വളരെ കാണാം.

"വിളക്കു കൈവശമുള്ളവനെങ്ങും വിശ്വംദീപമയം"

പിന്നെ എന്തിനു ഭയപ്പെടണം. വിളക്കു കെട്ടുപോകാതിരിക്കുവാൻ സ്നേഹം പകൎന്നുകൊടുത്താൽമതി.

ആശിയ്ക്കു സൃഷ്ടിയ്ക്കു ജഗൽപിതാവു-
മാശിച്ചുവെന്നായ് ശ്രുതിപൊങ്ങിടുന്നു.
നരന്നു തൻജീവിതമാശ—മൃത്യു
നൈരാശ്യമെന്നാണഭിയുക്തവാക്യം.

(ഭാവനാഗതി)

ജീവിതത്തിൻെറ സൃഷ്ടിപരങ്ങളായ കഴിവുകളെ വേണ്ടപോലെ ഉപയോഗിക്കണമെന്നാണു ദൈവേച്ഛയെന്നുകൂടിപ്പറയുന്ന ആശയം എത്ര പ്രോത്സാഹജനകം! ആധുനികകവികളൊ നിരൂപകന്മാരൊ ഉള്ളൂർ കവിതാസമുദ്രത്തിൽ മുങ്ങിത്തപ്പിയാൽ ആശയഗംഭീരങ്ങളായ അമൂല്യതത്വരത്നങ്ങൾ അവയിൽനിന്നു കിട്ടുമെന്നതിനു സംശയമില്ല.

"മന്നിനെ ദൈവം പൊക്കിയെന്തിനെൻ മുന്നിൽക്കാട്ടി
എന്നെ ഞാനതിന്നു മേലെത്തിക്കാനല്ലെന്നാകിൽ"

(സമുദ്രോക്തി)

സമുദ്രം കവിയോടു പറയുന്നതായി സങ്കല്പിച്ചിട്ടുള്ള ഈ ആശയത്തിൽ മനുഷ്യവർഗ്ഗാഭ്യുദയത്തിൻെറ എല്ലാം രഹസ്യങ്ങളുമുണ്ടു്.

"Ah, but a man's reach should exceed his grasp or what is Heaven for" എന്ന റോബർട്ടു് ബ്രൌണിങ്ങിൻെറ ആശയവും ഇതുതന്നെ. വേലയുടെ മാഹാത്മ്യത്തെ വാഴ്ത്തുന്ന കവിയുടെ വേ

ററൊരുൽകൃഷ്ടാശയവും അതേ കവിതയിൽ കാണാം. സമുദ്രം പറയുകയാണ്:

"ഫാലത്തിൽകുറിച്ചോരു ദൈവത്തിൻ ദുരക്ഷരം
വേലതൻ വിയപ്പുനീർ വീഴുമ്പോഠംത്തന്നെമായും"

വേലയുടെ ദിവ്യത്വം ഇതിലധികം നന്നായി ആർ പാടിയിട്ടുണ്ട്? തലയിലെഴുത്തു മാററുവാനുള്ള ശക്തികൂടി തൊഴിലിനുണ്ടു്. ആ ശക്തി തൊഴിലിൻെറ പ്രയത്നത്തിനെയുള്ളു.

ഇത്തരം മനോഹരാശയങ്ങഠം ഉള്ളൂർകവിതയിൽ വളരെ അധികം കാണാം; ഉൽകൃഷ്ടനായ ഒരു കവിയുടെ കവിത കവിയുടെ പ്രയത്നം കൂടാതെതന്നെ ജനകീയമായിക്കൊള്ളും. ജീവിതത്തെ വിസ്മരിച്ചു് ആരും കവിത എഴുതുകയില്ല. അങ്ങനെയാണെന്നു വെറുതെ സങ്കല്പിക്കുന്നതു ഓരോരുത്തരുടേയും ആരാധ്യദേവതയെ പ്രതിഷ്ഠിക്കാനുള്ള ബദ്ധപ്പാടിൽ വന്നുപോകുന്ന അബദ്ധമാണു്. ഏതായാലും സാഹിത്യനിരൂപണത്തിലും ഈ ഏപ്പ്ാട് അത്ര ആശാസ്യമല്ല.

പ്രതിപാദനരീതിയാണു് ഉള്ളൂർ കവിതകളുടെ ജനകീയതയെ ചോദ്യംചെയ്യുന്ന പ്രധാനമായ സംഗതി. നമ്മുടെ ഇടയിൽ പാണ്ഡിത്യമുള്ളവരുടെ എണ്ണം പാണ്ഡിത്യമില്ലാത്ത സാധാരണക്കാരുടെ കണക്കപേക്ഷിച്ചു തുലോം ചുരുങ്ങിയതായതുകൊണ്ടു കവിതകഠം പണ്ഡിതന്മാരുടെ പാകത്തിനു വെക്കുന്നതുകൊണ്ടു ഒരിക്കലും ജനകീയമാകുവാൻ തരമില്ല. ഇവിടെയാണു് ഉള്ളൂർകവിതകളുടെ പരാജയം പറഞ്ഞുവരാറുള്ളതെന്നു പ്രത്യേകം ശ്രദ്ധേയമാണു്. ഈ പ്രമേയം നല്ലപോലെ ചിന്തിക്കേണ്ടിയിരിക്കുന്നു. സാധാരണജനങ്ങഠംക്കു് ഹൃദ്യമായ രീതിയിൽ കവിത എഴുതാഞ്ഞതു്, ആവാഞ്ഞിട്ടല്ല, വേണ്ടാഞ്ഞിട്ടാണെന്നു കാണുവാൻ കഴിയും.

"കാളിന്ദിയാററിൻകരയിൽ
കണ്ണിന്നമൃതധാരയായ്
മാട്ടുമേച്ചുകളിച്ചാൻപോൽ"

എന്നും

"വണ്ടേ! നീയെൻെറവരനെ
കണ്ടേനെന്നുരചെയ്യുകിൽ

എന്നും

മണിയേഴുകഴിഞ്ഞു മോശമി-
പ്പണിപാൽക്കഞ്ഞിതണുത്തു ചീത്തയായ്”

എന്നും

“വിളക്കുകൈവശമുള്ളവനെന്നും വിശ്വംദീപമയം”

എന്നും എഴുതുവാൻ കവിയ്ക്കു വിരുതുണ്ടെന്നു കാട്ടിത്തന്നിട്ടുണ്ടല്ലോ എന്നിട്ടും അങ്ങിനെ ഒരു പത്തു ശതമാനം മാത്രമെഴുതി തൊണ്ണൂറു ശതമാനവും ന്യൂനപക്ഷത്തിനുമാത്രം കൊടുത്തതു ജനകീയതയല്ലെന്നുള്ളതാണ് ആധുനികനിരൂപകന്മാരുടെ പ്രബലമായ വാദം. ഇവിടെയാണ് നമ്മുടെ ജനകീയതയെ ഒന്നു കാര്യമായി പരിശോധിക്കേണ്ടതു്. നാം കാവ്യങ്ങൾ അധികം ആസ്വദിച്ചുമാത്രം ഇരിക്കുന്നതോ, കാവ്യാസ്വാദനംകൊണ്ടു നമ്മുടെ ബുദ്ധിയും യുക്തിയും ചിന്തയും വളരുന്നതോ ഏതാണ് ജനകീയം. എന്തെങ്കിലും ഒരു കാര്യം എളുപ്പത്തിൽ സാധിക്കുന്നതു അബദ്ധമാണ്. കുറെ വൈകിയാലും ഉണ്ടാവുന്ന ഫലം ഉറച്ചതായിരിക്കണം. ബുദ്ധിയും ചിന്തയും മെല്ലെ മെല്ലെ വളർന്നുവരുന്ന നമ്മുടെ സാധാരണക്കാരുടെ വളർച്ച വേണ്ടതുപോലെ ഭദ്രമാകണമെങ്കിൽ ഉള്ളൂർ കൃതികളുടെ പഠിപ്പും പരിചയവുമാകുന്ന കഷായസേവനവും കഠിനപത്ഥ്യവും ആവശ്യമാണ്. കലാകാരനെ താഴ്ത്തി വായനക്കാരന്റെ പന്തിയിലേയ്ക്കു ഇറക്കിക്കൊണ്ടുവരികയല്ല, വായനക്കാരനെ പൊക്കി ഉൽകൃഷ്ടകലാസ്വാദനമണ്ഡലങ്ങളിലേയ്ക്കെത്തിക്കുകയാണ് സാഹിത്യനിരൂപണത്തിന്റെ പ്രധാന ധർമ്മം. അതു വിസ്മരിക്കുന്നതു് നമ്മുടെ കവികൾക്കും കാവ്യത്തിനും ജനകീയതയ്ക്കും ആരോഗ്യകരമല്ല.

ഏതായാലും ഉള്ളൂർ കവിതകൾക്കു ജനകീയതയുമായി ബന്ധമൊന്നുമില്ലെന്നു പറയുന്നതു രണ്ടിനെക്കുറിച്ചുമുള്ള അജ്ഞതയാണ്. രാഷ്ട്രീയത്തിൽ വെച്ചുകൊടുത്തിരിക്കുന്ന അർത്ഥത്തിൽ കവിഞ്ഞു സാഹിത്യത്തിൽ ഉണ്ടായിരിക്കേണ്ട വ്യാപ്യമായ അർത്ഥത്തിൽ നോക്കുമ്പോൾ ഉള്ളൂർ കൃതികളെപ്പോലെ യഥാർത്ഥ ജനകീയ കവിതകൾ ഉണ്ടായിട്ടുണ്ടോ എന്നുതന്നെ സംശയമാണ്. ബലമുള്ള ആ കവിത പാണ്ഡിത്യത്തിന്റേയും ഉൽകൃഷ്ട ചിന്തയുടേയും സാംസ്കാരിക പാരമ്പര്യത്തിന്റേയും ബലമുള്ള കുററികളിൽ കെട്ടിയ കയറാണ്. അതിന്റെ തുമ്പുകളാവട്ടെ ആർക്കും കയറാവുന്നവിധം എല്ലാവരുടേയും ഇടയിലും.

# വേദങ്ങളിലെ പ്രാർത്ഥനാവസ്തുക്കൾ

(വി. കെ. നാരായണ ഭട്ടതിരി)

"സർവ്വം വിദുഃ വേദവിദഃ
വേദേ സർവ്വം പ്രതിഷ്ഠിതം"
—(ശാന്തിപർവ്വം)

വേദത്തിൽ എല്ലാം ഉള്ളതുകൊണ്ടു് വേദവിത്തുകൾ സർവ്വജ്ഞന്മാരാകുന്നു.

ആദ്ധ്യാത്മികം; ആധിഭൌതികം എന്നിങ്ങിനെ പലവിധത്തിൽ വേദങ്ങളെ വ്യാഖ്യാനിയ്ക്കേണമെന്നു് ആചാര്യന്മാർ പറയുന്നു. പക്ഷേ സായണാചാര്യർ അദ്ദേഹത്തിന്റെ വേദഭാഷ്യത്തിൽ എല്ലായിടത്തും ഇങ്ങിനെ വ്യാഖ്യാനിക്കാറില്ല. സമ്പ്രദായപ്രകാരം ഋഗ്വേദത്തിലെ ഒരദ്ധ്യായം പഠിച്ചാൽ മററുഭാഗങ്ങളെല്ലാം സ്പഷ്ടമാകും എന്നു സായണൻ ഋഗ്വേദത്തിലെ ഭാഷ്യാരംഭത്തിൽ പറയുന്നു. "സമ്പ്രദായപ്രകാരം" എന്നു പറഞ്ഞേടത്തു് "സമ്പ്രദായം" എന്ന വാക്കിന്റെ അർത്ഥത്തെ അദ്ദേഹം വ്യക്തമാക്കുന്നില്ല. വേദാർത്ഥത്തെ വിശാലമാക്കുവാൻ ശ്രീ: അരവിന്ദന്റെ വേദാർത്ഥചിന്താഗതി ഉത്തമമാണ്. സായണഭാഷ്യത്തേയും അരവിന്ദന്റെ വൈദികചിന്താഗതിയേയും യോജിച്ചു പോകുന്നതു് നന്നായിരിയ്ക്കും. വേദത്തിലെ ഓരോ പദത്തിന്റേയും അർത്ഥത്തെ സായണൻ സ്പഷ്ടമാക്കുന്നുണ്ടു്. ഇംഗ്ലീഷിലായതുകൊണ്ടായിരിയ്ക്കാം, അരവിന്ദന്റെ പദാർത്ഥകഥനം നന്നായി എന്നു പറയുന്നില്ല. ഈ രണ്ടു മഹാന്മാരുടേയും വൈദികാശയങ്ങളെ മുൻനിർത്തിക്കൊണ്ടു് വേദത്തിലെ പ്രാർത്ഥനാവസ്തു എന്തെന്നു ചിന്തിയ്ക്കുന്നു.

ആധിദൈവികമായ അർത്ഥത്തേയാണു സായണൻ മിക്ക ദിക്കിലും അനുസരിയ്ക്കുന്നതു്. അതുതന്നെ വേദങ്ങളെ യാഗങ്ങളോട് യോജിപ്പിച്ചുകൊണ്ടാണുതാനും. ചില ഗൂഢാർത്ഥപ്രകടനങ്ങളാണു യാഗങ്ങളിലെ മുഖ്യതത്വം എന്നു പ്രത്യേകം ഓർക്കേണം. മിക്ക യാഗങ്ങളുടേയും ഫലം സ്വർഗ്ഗമാകുന്നു. സ്വർഗ്ഗമെന്നാൽ സുഖവിശേഷമല്ലാതെ മറെറാന്നുമല്ല. ആ സുഖങ്ങൾക്കും ഭേദമുണ്ടുതാനും. ഇങ്ങിനേയുള്ള യാഗത്തിനോട് യോജിച്ചുകൊണ്ടാണു സായണന്റെ പോക്ക്. യാഗങ്ങളിൽ ഉപയോഗിക്കുന്ന മന്ത്രങ്ങ

ളിൽ പലതരങ്ങളായ പ്രാൎത്ഥനകൾ കാണാം. മഴയെ തടഞ്ഞുനിൎത്തുന്ന വൃത്രൻ, വലൻ മുതലായ അസുരന്മാരെ വധിച്ചു കാറുകളെ വജ്റംകൊണ്ടു ഭേദിച്ചു വേണ്ടവിധം മഴപെയ്യിപ്പിയ്ക്കേണം എന്നു പലേടത്തും പ്രാൎത്ഥിയ്ക്കുന്നു. കുതിര, ഗോക്കൾ മുതലായ നാല്ക്കാലികൾ (പട്ടികൾ ഇല്ലതാനും) ധാരാളമുണ്ടാവേണം, ധനധാന്യങ്ങൾ സമൃദ്ധിയാകേണം തൻെറ ചൊല്പടിയ്ക്കു നില്ക്കുന്ന പുത്രപൌത്രാദികൾ ധാരാളമുണ്ടാകേണം, വീരന്മാരും സ്വാധീനത്തിൽ ഉണ്ടായിക്കൊണ്ടിരിയ്ക്കേണം—ബാഹ്യാൎത്ഥത്തിൽ ഏവംവിധങ്ങളായ പ്രാൎത്ഥനകൾ ധാരാളമായികാണാം. വേദത്തിലെ ഋഷിമാൎക്കു സത്യനിഷ്ഠ വേണ്ടതിലധികമുണ്ടു്. പാതിവ്രത്യത്തെ അവർ സൎവ്വാത്മനാ ശിരസാവഹിയ്ക്കുന്നു. പതിവ്രതയായ സ്ത്രീ ഈശ്വരനേക്കാൾ ശുദ്ധിയുള്ളവളാണെന്നു് ചില മന്ത്രങ്ങളിൽ കാണാം. വാക്കിലൊന്നു്, പ്രവൃത്തിയിൽ മറെറാന്നു് ഇത്തരക്കാരെ നാടുകടത്തേണമെന്നുകൂടി അവർ പ്രാൎത്ഥിയ്ക്കാറുണ്ടു്. "ഉഭയാവി", "ദ്വയാവി" ഇങ്ങിനെ ചില ശബ്ദങ്ങളേക്കൊണ്ടാണു് അവരെ പറയാറുള്ളതു്. "പണി" എന്നു വേറെ ഒരു കച്ചവടവൎഗ്ഗക്കാരുണ്ടു്. സായണൻെറ അഭിപ്രായപ്രകാരം സ്വപ്രയത്നത്തെക്കാൾ അധികം സമ്പാദിയ്ക്കുവാൻ ശ്രമിയ്ക്കുന്നവർ പണികൾ എന്നൎത്ഥം കാണാം. ഈ "പണികൾ" ഋഷിമാരുടേയും മററും ഗോക്കളെ കട്ടുകൊണ്ടുപോയി, വല്ല ഗുഹകളിലും അടച്ചു സൂക്ഷിയ്ക്കുക. ആ ഗോക്കളെ വീണ്ടെടുക്കുവാൻ വേണ്ടി, ഋഷിമാർ, ഇന്ദ്രൻ, ബൃഹസ്പതി, അഗ്നി മുതലായ ദേവതകളുടെ സഹായമഭ്യൎത്ഥിയ്ക്കാറുണ്ടു്. അവർ അതു ചെയ്യുകയും ചെയ്യും. ഗോക്കളെപ്പററിയ ഈ ഇതിഹാസം ഋഗ്വേദത്തിൽ പലേടത്തും കാണാം. അരവിന്ദൻെറ ഇതിന്നുള്ള വ്യാഖ്യാനം വളരെ ഗംഭീരമാണെന്നു പറയട്ടെ. അതു് എടുത്തു കാണിയ്ക്കാം. ഐഹികസാമഗ്രികളോടും പുത്രമിത്രാദികളായ ബന്ധുവൎഗ്ഗങ്ങളോടും കൂടി സദാചാരപരമായി ജീവിയ്ക്കുക ഇതാണു വേദത്തിലെ ഋഷിമാരുടെ ആഗ്രഹം എന്നു വേദത്തിൻെറ ബാഹ്യമായ അൎത്ഥത്തിൽനിന്നു മനസ്സിലാക്കാം. ജീവിതത്തിലേയ്ക്കുള്ള പ്രവേശംതന്നെ ഈശ്വരവിചാരത്തോടുകൂടിയാണെന്നു സമാവൎത്തനകൎമ്മത്തിലെ ചില മന്ത്രങ്ങൾകൊണ്ടു തെളിയുന്നു.

ഗുരുകുലത്തിൽനിന്നു് സ്വഗൃഹത്തിലേയ്ക്കു് നിവൎത്തിയ്ക്കുന്ന ഘട്ടത്തിലാണല്ലോ സമാവൎത്തനം പതിവു്. സമാവൎത്തനകൎമ്മത്തിൽ ഏൎപ്പെട്ട വിദ്യാൎത്ഥിയുടെ മനോവികാരങ്ങളെയാണു് ആ

മന്ത്രങ്ങൾ കാണിയ്ക്കുന്നതു്. ആദ്യത്തെ മന്ത്രത്തിന്റെ ചുരുക്കം താഴെ ചേർക്കുന്നു: "സകല ലൌകികവ്യവഹാരങ്ങളിലും എനിയ്ക്കു ജയമുണ്ടാകട്ടെ. അല്ലയോ ജഗദീശ്വരാ, അങ്ങയെ എല്ലാപ്പോഴും സ്മരിച്ചു് എന്റെ മനസ്സിൽ പ്രകാശിപ്പിയ്ക്കുവാൻ എനിയ്ക്കവസരമുണ്ടാകേണം. നാലു ദിക്കുകളും എന്നെ ബഹുമാനിച്ചു നമസ്കരിയ്ക്കട്ടെ. എങ്കിലും അങ്ങയുടെ കീഴിൽത്തന്നെ ഞാൻ എല്ലായ്പോഴും ഇരിയ്ക്കേണം." ഇതാണു് ആ മന്ത്രത്തിന്റെ ചുരുക്കം. ഇത്തരത്തിൽ ജയവും അതേസമയത്തുതന്നെ ഈശ്വരന്റെ കീഴിൽ ഇരിയ്ക്കുക എന്നതും ഈ മന്ത്രങ്ങളിലെല്ലാം കാണാം. ഇത്തരത്തിലുള്ള മനോവികാരങ്ങളോടുകൂടിയാണു് വിദ്യാർത്ഥികൾ സ്വഗൃഹങ്ങളിലേയ്ക്കു് മടങ്ങുന്നതു്. ഇന്നു് കോളേജിൽനിന്നു മടങ്ങുന്ന വിദ്യാർത്ഥികളുടേയും ഈ വൈദികവിദ്യാർത്ഥികളുടേയും വിദ്യാഭ്യാസത്തിന്റെ അവസാനത്തിലുണ്ടാകുന്ന മനോവികാരങ്ങളെ താരതമ്യപ്പെടുത്തുവാൻ വായനക്കാരോടപേക്ഷിയ്ക്കുന്നു. സദാചാരത്തിന്റെ ഇന്നത്തെ അധഃപതനകാരണം അപ്പോൾ വ്യക്തമാകും. മുമ്പു കാണിച്ച പ്രാർത്ഥനകളിലെ ആദ്ധ്യാത്മിക തത്വങ്ങളേയും അല്പം ചിന്തിയ്ക്കാം.

മഴയുടെ കാര്യം ആദ്യം നോക്കാം. നമ്മൾ ബാഹ്യലോകത്തിൽനിന്നു പഠിയ്ക്കുന്നു. ബാഹ്യലോകത്തിൽ പലതും കണ്ടറിഞ്ഞു് ഒരു മനോലോകത്തെ സൃഷ്ടിയ്ക്കുന്നു. പുറത്തുകാണുന്ന വസ്തു ജ്ഞാനരൂപേണ മനസ്സിൽ സ്ഥിതിചെയ്യുന്നു. ഭൂമിയിൽനിന്നു വെള്ളം രശ്മികൾവഴിയായി മുകളിലേയ്ക്കുപോയശേഷം ആ വെള്ളങ്ങൾതന്നെ വീണ്ടും ഭൂമിയെ സുഭിക്ഷമാക്കുന്നു. ഇതുപോലെതന്നെയാണു് നമ്മളുടെ വ്യവഹാരവും. ബാഹ്യലോകത്തിൽനിന്നു പഠിച്ചതെല്ലാം സംസ്കാരരൂപേണ മനസ്സിൽ സ്ഥിതിചെയ്യുന്നു; ഭൂമിയിലുള്ള വെള്ളം ആകാശത്തിൽ സ്ഥിതിചെയ്യുന്നതുപോലെ എന്നു ചുരുക്കം. സംസ്കാരരൂപേണ നമ്മളുടെ മനസ്സിൽ ഇരിയ്ക്കുന്ന വസ്തുക്കൾതന്നെ വാക്കു്. പ്രവൃത്തി മുതലായ മാർഗ്ഗങ്ങളിലൂടെ പുറത്തുവന്നു ലൌകികവ്യവഹാരങ്ങളെ നടത്തിക്കൊണ്ടുവരുന്നു. ഭൂമിയിലുള്ള ജലം മുകളിലേയ്ക്കും കീഴോട്ടും പോകുന്നതുപോലെ പദാർത്ഥങ്ങൾ ബാഹ്യലോകത്തിലേയ്ക്കും മനോലോകത്തിലേയ്ക്കും പോയ്ക്കൊണ്ടിരിയ്ക്കുന്നു. ബാഹ്യജീവിതംകൊണ്ടു പുതുതായി ഒന്നും ഉണ്ടാകുന്നില്ലെന്നു സാരം. എല്ലാം ഒരചിന്ത്യവസ്തുവിന്റെ പ്രകടനങ്ങളാണെന്നു നമ്മൾ പഠിയ്ക്കേണമെന്നു ചുരുക്കം. ഇതു വേണ്ട

വിധം പഠിച്ചാൽ നിഷ്കാമകർമ്മം ചെയ്യാൻ ഉപകാരമായിത്തീരും. വേറെ ഒരു സംഗതികൂടിയുണ്ടു്. വൃത്രൻ അജ്ഞാനമാണെന്നും ആ അജ്ഞാനമാകുന്ന വൃത്രനെ വധിച്ചു മഴകൊണ്ടു ലോകത്തെ സുഭിക്ഷമാക്കുന്നതുപോലെ ജ്ഞാനംകൊണ്ടു നമ്മളുടെ ജീവിതത്തെ ലോകോപകാരപ്രദമാക്കേണമെന്നുകൂടി ഇതിൽനിന്നു പഠിയ്ക്കാം. "പണി"കൾ ഗോക്കളെ മോഷ്ടിക്കുന്നു എന്നു പറയുന്നതിൽ ലയിച്ചുകിടക്കുന്ന അർത്ഥം എന്തെന്നു നോക്കണം. അതിന്നുമുമ്പു വേദത്തിലെ ഗോക്കൾ, അശ്വങ്ങൾ; വീരന്മാർ എന്നിവയുടെ അർത്ഥമെന്തെന്നു നോക്കേണം.

"അശ്വാവതീർഗോമതീർന ഉഷാസോ
വീരവതീ: സദമുച്ഛന്തു ഭദ്രാം"

അശ്വങ്ങളോടും ഗോക്കളോടും വീരന്മാരോടുംകൂടിയ ശുഭകരങ്ങളായ ഉഷസ്സുകൾ എല്ലായ്പോഴും തമസ്സിനെ നശിപ്പിച്ചുകൊണ്ടിരിക്കട്ടെ. ഇതാണു് ഈ ശ്ലോകത്തിന്റെ വാച്യാർത്ഥം. പ്രഭാതത്തിൽ ഗോക്കളും അശ്വങ്ങളും വീരന്മാരും എല്ലാം എന്തിന്നു് ? അങ്ങിനെ അർത്ഥമാക്കുമ്പോൾ തീരെ സ്വാരസ്യം തോന്നുന്നില്ല. മററു ചില സാധനങ്ങളോടുംകൂടി ഗോക്കളേയും അശ്വങ്ങളേയും ലഭിക്കേണമെന്ന മന്ത്രങ്ങൾ ഋഗ്വേദത്തിൽ അനേകമുണ്ടു്. അശ്വം എന്നതിന്റെ അർത്ഥത്തെപ്പററിത്തന്നെ ചിന്തിയ്ക്കേണ്ടതുണ്ടു്. പരുന്തിന്റെ ചിറകുകളോടും മാനിന്റെ കാലുകളോടുംകൂടിയ കുതിര സമുദ്രത്തിൽനിന്നുണ്ടാകുന്നു എന്നർത്ഥമായ ഒരു മന്ത്രം ഋഗ്വേദത്തിലും യജുർവേദത്തിലും ഉണ്ടു്, അങ്ങയുടെ കൊമ്പുകൾ പലേടത്തുമുണ്ടു് എന്നു അശ്വത്തിനോടു് ഒരു ദിക്കിൽ പറയുന്നതായി വേദത്തിൽ കാണാം. ശുദ്ധിയ്ക്കു മന്ത്രംചൊല്ലി തന്നത്താൻ തെളിയ്ക്കുക എന്ന നടപ്പു് സാധാരണമാണു്. ഇങ്ങിനെ തെളിയ്ക്കുന്ന അവസരത്തിൽ യജുർവ്വേദികളുപയോഗിയ്ക്കുന്ന ഒരു മന്ത്രം അശ്വത്തിനെ സ്തുതിക്കുന്നതായി കാണാം. അശ്വസ്തുതികൊണ്ടു് എങ്ങിനെ ശുദ്ധിയുണ്ടാകും എന്നറിഞ്ഞുകൂടാ. അശ്വമേധയാഗത്തിൽ ഉപയോഗിക്കുന്ന കുതിരയെ ജഗന്നിയന്താവായ ഈശ്വരനാക്കിക്കല്പിയ്ക്കുന്നു. ആ കുതിരയുടെ ശിരസ്സ് ഉഷസ്സാണെന്നു പറയുന്നു. ഇങ്ങിനെ കുതിരയെപ്പററി വിചിത്രമായ ഒരു വർണ്ണനയാണു് വേദത്തിൽ കാണുക. ഇതുപോലെത്തന്നെയാണു് ഗോവിന്റേയും നില. മന്ത്രങ്ങളെ ഉദ്ധരിച്ചു് ദീർഘിപ്പിയ്ക്കുന്നില്ല. അരവിന്ദഘോഷ് ഈ വിഷയത്തെക്കുറിച്ചു് ഇങ്ങിനെ പറയുന്നു. വേദത്തിലെ അശ്വം ദാ

ക്തിയേയും ഗോവ് ധാർമ്മികമായ ജ്ഞാനപ്രകാശത്തേയുമാണ് കാണിയ്ക്കുന്നതു് എന്നാണ് ആ യോഗിവര്യന്റെ അഭിപ്രായം ദുർവ്വിചാരങ്ങളെ നശിപ്പിയ്ക്കുന്ന മനശ്ശക്തികളാണ് വീരന്മാർ. ദുഷ്ടവികാരാൻ വിശേഷേണ ഈരയതി ഇതി വീരാഃ” എന്നു് സായണൻ ചിലേടത്തു പറഞ്ഞിട്ടുണ്ടു്. മുമ്പുദ്ധരിച്ച മന്ത്രത്തിന്റെ സ്വാരസ്യം നോക്കാം. ധാർമ്മികചിന്തകൾ, ആ ചിന്തകളെ മുൻനിർത്തി ജീവിയ്ക്കുവാനുള്ള മനശ്ശക്തി ആലോചനകൊണ്ടു് ദുഷ്ടവിചാരങ്ങളെ നശിപ്പിയ്ക്കുവാനുള്ള കഴിവു് ഇവകളോടെല്ലാം കൂടിയ ഉഷസ്സിനേയാണു മുമ്പുദ്ധരിച്ചിട്ടുള്ള മന്ത്രത്തിൽ പറഞ്ഞിട്ടുള്ളതു്. അപ്പോൾ മുമ്പുദ്ധരിച്ച മന്ത്രത്തിലുള്ള ഉഷസ്സ് ബാഹ്യമായ ഉഷസ്സല്ലെന്നും കാണാം. ധാർമ്മികമായ ഒരാത്മീയ പുരോഗതിയുടെ ഉന്നതമായ അവസ്ഥയേയാണ് “ഉഷസ്സ്”എന്നതുകൊണ്ടു വിവക്ഷിച്ചിട്ടുള്ളതെന്നു കാണാം. ഉഷോദേവതയെ സ്തുതിയ്ക്കുന്ന ഋഗ്വേദമന്ത്രങ്ങളിൽനിന്നു ബാഹ്യമായ ഉഷസ്സിനെ മാത്രമല്ലാ, ഉഷസ്സ് എന്ന പദംകൊണ്ടു് ആത്മീയപുരോഗതിയുടെ അവസ്ഥാഭേദങ്ങളേയാണ് കാണിയ്ക്കുന്നതെന്നും വ്യക്തമാവാം. ഉഷസ്സിന്റെ സ്തുതികളെ ഉദ്ധരിച്ചു് ഈ ലേഖനം ദീർഘിപ്പിയ്ക്കുവാൻ സമയമില്ലല്ലോ. വേദത്തിലെ ഗോവു് ധാർമ്മികമായ ജ്ഞാനപ്രകാശമാണെന്നു മനസ്സിൽവെച്ചുകൊണ്ടു പണികളുടെ ഗോക്കളെ മോഷ്ടിക്കുന്ന സംഗതിയേപ്പററി ചിന്തിയ്ക്കാം.

“പണികൾ” അപഹരിച്ച ഗോക്കളെ വീണ്ടെടുക്കുക എന്നൊരു വൃത്താന്തത്തെ ഋഗ്വേദത്തിൽ പലേടത്തും പലതരത്തിൽ പറയുന്നതു കാണാം. വീണ്ടെടുക്കുന്ന ആളുകൾ അംഗിരസ്സുകളാണു്. അംഗിരസ്സ്” എന്ന ശബ്ദത്തിനു ആത്മാനുഭൂതി സമ്പാദിയ്ക്കുവാൻ യത്നിക്കുന്നവർ എന്നും അർത്ഥമുണ്ടു്. വീണ്ടെടുക്കുന്ന അവസരത്തിൽ “പണി”കളോട് ചേർന്നു് യുദ്ധം നടത്തുന്ന സമ്പ്രദായം ഒരേടത്തും കാണുന്നില്ല ഇന്ദ്രൻ മുതലായ ദേവതകളെ സ്തുതിയ്ക്കുക, പരിശുദ്ധജീവിതത്തിൽ ഏർപ്പെട്ടവരാണ് ഈ അംഗിരസ്സുകൾ എന്നു വെളിവാക്കുക, മന്ത്രശബ്ദംകൊണ്ടുമാത്രം പശുക്കളെ അടച്ചുസൂക്ഷിയ്ക്കപ്പെട്ട സ്ഥലം തന്നത്താൻ പിളർന്നു് പശുക്കൾ വന്നു എന്നു കാണിയ്ക്കുക. ഇങ്ങിനെ ഒരു ശാന്തതയാണു് ആ അവസരങ്ങളിൽ കാണുന്നതു്. ഇതുകൊണ്ടെല്ലാം തീരുമാനിയ്ക്കുന്നതു് പശുക്കളെ വീണ്ടെടുക്കൽ ഒരു യുദ്ധമല്ലെന്നുള്ളതാകുന്നു. സ്വാർത്ഥികളാണ് “പണികൾ“ എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. സ്വാർത്ഥംകൊണ്ടു് ദുഷിച്ച മനസ്സിൽ

ധർമ്മപ്രകാശം അപ്രത്യക്ഷമായി. ശാന്തജീവിതം, ഈശ്വരചിന്ത മുതലായ സാത്വികപ്രവൃത്തികളെക്കൊണ്ടു് ധാർമ്മികമായ ജ്ഞാന പ്രകാശം വീണ്ടും, മനസ്സിൽ പ്രത്യക്ഷീഭവിയ്ക്കുക എന്നുള്ളതിൻെറ അന്യാപദേശമായ ഒരു ചിത്രീകരണമാണു് ഈ ഗോക്കളുടെ ലാഭം. ഏതാണ്ടു് ഈ അർത്ഥത്തിലാണു് യോഗിവര്യനായ ഘോഷ് ഇതിനെ വ്യാഖ്യാനിയ്ക്കുന്നതു്. ആ വ്യാഖ്യാനത്തെ മുൻനിർത്തി ഗോക്കളെ വീണ്ടെടുക്കുന്ന ഘട്ടങ്ങളെ വായിയ്ക്കുന്നവർക്കു് ആ യോഗിവര്യൻെറ വ്യാഖ്യാനം വളരെ നന്നെന്നു് തോന്നാതിരിയ്ക്കുകയില്ല. മാത്രമല്ലാ അദ്ദേഹം പറയുന്നതു്, സോമപാനം വൃത്രവധം— ഇവ രണ്ടും ഋഗ്വേദത്തിൻെറ രണ്ടു തൂണുകളാണു്. ഏതാണ്ടു അതു പോലെ ഒന്നാണു് ഈ ഗോക്കളെ വീണ്ടെടുക്കലും. ഇവയിൽ ലയിച്ചുകിടക്കുന്ന ആദ്ധ്യാത്മികങ്ങളായ അർത്ഥങ്ങളെ മനസ്സിൽവെച്ചു കൊണ്ടു് ഋഗ്വേദത്തെ പഠിക്കുന്ന ഒരു പണ്ഡിതന്നു് ഋഷിമാരും വേദങ്ങളെ സ്തുതിയ്ക്കുന്നതു് യുക്തമാണെന്നു തോന്നാതിരിയ്ക്കുകയില്ല.

വൈദികചിന്തയിൽ വായനക്കാർക്കു് അഭിരുചിയുണ്ടെങ്കിൽ മേലിലും എഴുതിക്കൊള്ളാമെന്നു് പറഞ്ഞു് തല്ക്കാലം വിരമിക്കുന്നു.

---

## എന്തൊരു വൈപരീത്യം!

(പി. ഗോവിന്ദമേനോൻ)

ഒരു താണ വർഗ്ഗത്തിൽ പെട്ടതെന്നു കരുതപ്പെടുന്നവൻ ആ നിലയ്ക്കു് ഒരു ഉയർന്ന വർഗ്ഗക്കാരനെ സമീപിക്കുന്നതായാൽ അവൻ അകററിനിർത്തപ്പെടുന്നു. എന്നാൽ, അതേ ആൾതന്നെ വേഷമൊന്നുമാറി ഒരു പാതിരിയുടെ പുണ്യാഹംകൊണ്ടു ശുദ്ധമാക്കപ്പെട്ടു്, കീറക്കോട്ടായാലും അതുകൊണ്ടണിഞ്ഞു് അടുക്കുമ്പോൾ അതു സമ്മതിക്കുവാൻ തയ്യാറാവുകയും ചെയ്യുന്നു. വൈപരീത്യത്തിൻെറ പോക്കിന്നൊരു ദൃഷ്ടാന്തം!

അനേകായിരം കൊല്ലങ്ങളിലെ അന്ധവിശ്വാസവും മറ്റുംകൊണ്ടു ജീവച്ഛവങ്ങളെന്നോണം വർത്തിക്കുന്ന സാധുജനങ്ങളാണിന്നധികവും ഭാരതത്തിലുള്ളതു്. എന്നാൽ അവരുടെ സംസ്കാര പരമ്പര്യത്തിൻെറ ഉറവിടങ്ങൾ അതിമഹത്തായവയാണു്. കാലപ്രവാഹത്തിൽ വന്നുചേർന്ന പല മാലിന്യങ്ങളും ബാധിച്ചു ഒരു

തെളിമ മങ്ങിപ്പോയെന്നേയുള്ളു. എങ്കിലും അനന്തരം എത്ര ശോ ച്യമായെന്നോ!

സത്തായതൊന്നുമാത്രം എന്നു് ഭാരതം പണ്ടേ അറിഞ്ഞ സം ഗതിയാണു്. എങ്കിലും അതിൻെറ വ്യാഖ്യാനത്തിൽ വന്നുചേന്ന വിവിധതത്വങ്ങൾകൊണ്ടു് എന്തെല്ലാം കോലാഹലങ്ങൾ ഉണ്ടായിരു ത്തീന്നു! വേദങ്ങൾ ഭേദങ്ങളററ പൊരുളിനെ കാഹളമൂതി വാ ഴ്ത്തുന്നുണ്ടെങ്കിലും വൈദികമാനികൾ നാനാതരം ഭേദങ്ങൾ കല്പിച്ചു് പല അന്തരങ്ങളും ജനിപ്പിച്ചു് എത്രമാത്രം കോലാഹലങ്ങൾ ഉണ്ടാ ക്കിത്തീത്തില്ല?

അവധ്യനായ ദേഹിയാണ യഥാത്ഥമനുഷ്യനെന്നു് ഗീതോ പനിഷദാദികൾ എത്ര ഉറപ്പോടെ ഉൽബോധനം ചെയ്തിരിക്കുന്നു! എന്നാൽ പ്രായോഗികരംഗത്തിൽ ജീവനിൽ കൊതിപൂണ്ടുള്ള ഭീ രുത്വം നമ്മെ എത്രമാത്രം അധഃപതിപ്പിക്കുന്നില്ല? ഇങ്ങിനെ എ ടുത്തുനോക്കിയാൽ ആശയങ്ങളും അനുഷ്ഠാനങ്ങളും തമ്മിലുള്ള പൊരുത്തക്കേടു് പൊരുത്തുണ്ടെന്നു കാണാവുന്നതാണു്.

ഈ വല്ലാത്ത വൈപരീത്യത്തിന്നു കാരണമെന്തു്? മതത്തി ൻെറ പേരിൽ എല്ലാ കുററങ്ങളും ചുമത്തി, അതിനെ ഇല്ലാതാക്കി യാൽ എല്ലാം നന്നാവുമെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ടു്. "തല വേദനയ്ക്കു ചികിത്സ തല വെട്ടുക"യെന്ന രീതിയിലുള്ളതാണിതു്. മതത്തെ ഉപേക്ഷിക്കയല്ല, അതിൻെറ പരിധിക്കുള്ളിൽ അതിനെ നിർത്തി, സമുദായത്തിനു വളരുവാനുള്ള സ്വാതന്ത്ര്യം കൊടുക്കുക യാണു് ആവശ്യം. മതം—ആദ്ധ്യാത്മികത—ആകുന്ന കോട്ടയെ തകക്കുവാൻ ഒരുമ്പെടുന്നതു് അപഹാസ്യമാകും. അതിനെ പുഷ്ടി പ്പെടുത്തി, അതിനാലുണ്ടാവുന്ന അനന്തരശക്തിയെ നേർവഴിക്കു തിരിക്കുകയാണു് നമ്മുടെ കത്തവ്യം.

കഴിവുകളും അവസരങ്ങളും ആശകളും ഓരോ വ്യക്തിക്കും ന ൽകത്തക്ക രീതിയിലുള്ള ഒരു ഘടനയാണു വേണ്ടതു്. ദരിദ്രന്മാരു ടെ മുറവിളി മുഴങ്ങുന്നുണ്ടെങ്കിലും അതിനെപ്പററി പലരും പറയാ റുണ്ടെങ്കിലും പ്രായോഗികമായി അതിൻെറ പരിഹാരാത്ഥം വല്ല തും ചെയ്യുന്നവർ എത്ര ചുരുക്കമാണു്? സാധുക്കളെ തൊടുന്നതുകൂ ടി പാപമാണെന്നു കരുതുന്നതായാൽ അവരെ സഹായിക്കുവാൻ എത്രകണ്ടു തരപ്പെടും? ഈ തൊട്ടുകൂടായ്മയും അത്ഥശൂന്യമാംവി ധം പുലത്തി വരുന്ന കാലത്തോളം നമ്മുടെ ദയനീയ നിലയിൽ നിന്നു മോചനമുണ്ടാവുന്നതല്ല.

ഭാരതത്തിലെ പൂർവ്വരായ ഋഷീന്ദ്രന്മാർ നൽകിയ ഉൽബോധനങ്ങളെന്തെല്ലാമെന്നും, ജീവിതപ്രശ്നങ്ങളെ മററു രാജ്യങ്ങൾ എങ്ങനെയാണു നേരിടുന്നതെന്നും ഉള്ളതിനെപ്പററിയുള്ള അറിവ് എല്ലാവക്കും നൽകുവാനുള്ള ശ്രമങ്ങളാണ് ആദ്യമായി ചെയ്യേണ്ടതു്. ആശയങ്ങൾ പ്രചരിപ്പിച്ചാൽ അവയിൽനിന്നു വേണ്ടതു ഗ്രഹിച്ചു പ്രവത്തിപ്പാൻ ആളുകൾ സന്നദ്ധരായിക്കൊള്ളും. സ്വഭാവസഹജമായ വഴി കൈക്കൊണ്ടു ലക്ഷ്യത്തിലെത്തുവാനുള്ള സ്വാതന്ത്ര്യം വ്യക്തികൾ വിട്ടുകൊടുക്കേണ്ടതാണ്, അതു പിഴച്ച വഴിയാകരുതെന്നേ ശ്രദ്ധിക്കേണ്ടു.

അന്തർന്നിഹിതമായ ആദ്ധ്യാത്മിക ഭാവത്തെ ഉണത്തുന്നതോടൊപ്പം വ്യക്തിപ്രാഭവപ്രകാശനത്തിനു തരംവരുത്തുന്ന ഉത്തേജനമാണു നമുക്കുണ്ടാവേണ്ടതു്. സമത്വം, സ്വാതന്ത്ര്യം, കർമ്മധീരത തുടങ്ങിയവയിൽ പാശ്ചാത്യരേക്കാൾ പാശ്ചാത്യനും, മതപരമായ സംസ്കാരത്തിലും സ്വഭാവപരിപാലനത്തിലും തികച്ചും ഭാരതീയനുമായ ഒരു മഹനീയ നില കൈവരുത്തുന്നതിലുമായിരിക്കണം നമ്മുടെ ഗാഢമായ ശ്രദ്ധ.

മതത്തിൻെറ മഹത്തായ ശക്തി സാമുദായിക കാര്യങ്ങളിൽ സമത്ഥമായ വിധത്തിൽ ഉപയോഗപ്പെടുത്താതിരുന്നതുകൊണ്ടാണ് ഭാരതത്തിനു ക്ഷയം നേരിട്ടതെന്ന് ശ്രീ വിവേകാനന്ദസ്വാമികൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. മററുള്ളവരെ മ്ലേച്ഛരെന്നു കരുതി, വിദേശീയരുമായുള്ള സഹവാസമെല്ലാം കൈവെടിഞ്ഞു്, ഒററപ്പെട്ട് ഇടുങ്ങിയ മട്ടിൽ ജീവിക്കുവാൻ തുടങ്ങിയ നാൾതൊട്ട് ഭാരതത്തിൻെറ അധഃപതനഗതി ആരംഭിച്ചു. ഭാരതീയരുടെ ജീവസിരകളിൽ ഒരു നവവൈദ്യുതശക്തിയുടെ സഞ്ചരണമാണ് ആവശ്യമായിട്ടുള്ളതു്. വൈപരീത്യത്തിൻെറ വിളയാട്ടത്തിനെല്ലാം കാരണം അജ്ഞതയാണ്. രോഗത്തിൻെറ ശരിയായ നില കണ്ടറിഞ്ഞു വിധിയാംവണ്ണം ചികിത്സിച്ചാൽ സുഖം കിട്ടാതിരിക്കയില്ല. അദ്വൈതം പ്രായോഗികമാക്കി പരിണമിപ്പിച്ചാൽ അന്തമററ ആപത്തുകൾ അകലും. ജീവൻ ശിവനാണെന്ന തത്വം ഉറച്ചുകിട്ടണം. നിസ്വാത്ഥസേവനപ്രസക്തി വദ്ധിപ്പിക്കണം. എന്നാൽ ഇന്നത്തെ വല്ലാത്ത വൈപരീത്യം അസ്തമിച്ചു വിജയസൂര്യോദയം ഉണ്ടാവാതിരിക്കയില്ല. ശുഭമസ്തു !

# കവിതയോട്.

(വിദ്വാൻ, യം. ഓ. മറിയക്കുട്ടി, മൂവ്വാററുപുഴ.)

1. കവിതാവനിതേ, ഹൃദയത്തെളിവേ,
സവിധേ വരു നീ വിമലേ, വരദേ
ഗുണമേകിടുമെൻ കണിയേ, സുഖദേ,
തുണ നീ രമണി, തരണേ ഹൃദയം.

2. കമനീ, പദതാർ പണിയും പതിയെ,
പ്പുണരാനിനിയും മടിയോ വിമലേ,
മതിവേദികയിൽ സതതം നടനം
തുടരു ത്വരിതം ഹൃദയേശ്വരി, നീ.

3. മുറുകെപ്പുണരാൻ കൊതി പൂണ്ടിടുമി
പ്പതിയെപ്പരനായ്ക്കരുതീടരുതേ.
ഇതുനിൻ പതിവോ, യിതുയെൻവിധിയോ
കനിവെന്നതു നിൻ നിനവല്ലെന്നോ?

4. സുഭഗേ, തവ പൊൽപ്പദസേവകനായ്
സതതം പുലരാൻ കനിവേകണമേ.
അമലേ, നിൻമതി നിയതം ഗതിയേ
അമിതാമോദം തരണം ശരണം.

---

# ഷഡ്ദർശനങ്ങൾ

(കെ. കെ. ജി. പണിക്കർ; രാമനാട്ടുകര)

"സ്നേഹ"ത്തിൻേറയും "ധർമ്മ"ത്തിൻേറയും വ്യാപ്തിക്കും വളർച്ചക്കും യാതൊരു തടസ്സവും വരാതെയിരിക്കത്തക്ക കരുക്കളെല്ലാം ഹിന്ദുധർമ്മത്തിൽതന്നെയുണ്ടെന്നുള്ളതിൻെറ ലക്ഷണങ്ങളാണ് "ഷഡ്ദർശനങ്ങൾ" ദർശനങ്ങൾ എന്നാൽ, പാവനമായ ജീവിതം നയിച്ചു ലോകത്തിൻെറ അഭിവൃദ്ധിക്കായി പ്രയത്നിച്ചു ലോകനന്മമാ

ത്വം ചിന്താവിഷയമായി വർത്തിച്ച ഋഷീശ്വരന്മാരുടെ ജ്ഞാനദൃഷ്ടിക്ക് ഗോചരമായത് എന്നത്ഥം. ദുഃഖഭൂയിഷ്ഠമായ സംസാരസാഗരത്തിൽ മറുകര കാണാതെ കിടന്നുഴലുന്ന മർത്ത്യജീവികളുടെ സച്ചിദാനന്ദപ്രാപ്തിക്കുവേണ്ടി വിധിച്ചിട്ടുള്ള പാവനമായ ഉപദേശരത്നങ്ങളാണ് മതതത്വങ്ങൾ. അതി ഗഹനവും, അതിവിസ്തൃതവുമായ വേദത്തിൽ "കർമ്മകാണ്ഡം", "ഉപാസനകാണ്ഡം, "ജ്ഞാനകാണ്ഡം" എന്നിങ്ങിനെ മൂന്ന് മഹാവിഭാഗങ്ങളുണ്ട്. സനാതനധർമ്മമാകുന്ന ഹിന്ദുമതം ഇതര മതങ്ങളെപ്പോലെ കേവലം ഗ്രന്ഥമതമല്ല. അനാദികാലംതൊട്ട് ഇന്നുവരേയും അനുഷ്ഠാനയുക്തമായിട്ടാണ് അതിൻെറ വളർച്ചയിരിക്കുന്നതു്. സംസ്കാരയുക്തരായ സർവ്വവിധ മനുഷ്യർക്കും ഒന്നുപോലെ അനുഷ്ഠിക്കുന്നതിന്ന് അതു അധികാരവും അവകാശവും നൽകീട്ടുണ്ട്.

നാലു വേദങ്ങൾ, ആറു ശാസ്ത്രങ്ങൾ, പതിനെട്ടു പുരാണങ്ങൾ, പതിനെട്ടു ഉപപുരാണങ്ങൾ, എന്നിങ്ങിനെ ഭാരതീയർ പറഞ്ഞുവരുന്നതിൽപെട്ട ആറു ശാസ്ത്രങ്ങളാകുന്നു "ഷഡ്ദർശനങ്ങൾ". അവ 1. ന്യായം. 2 വൈശേഷികം. 3. സാംഖ്യം 4. യോഗം. 5. പൂർവ്വ മീമാംസ. 6. ഉത്തര മീമാംസ. എന്നിതുകളാകുന്നു. അതിഗഹനങ്ങളായ ഈ ഓരോന്നിനെകുറിച്ചും ഉപന്യസിക്കുക എളുപ്പമല്ല എന്നിരിക്കിലും, അല്പമാത്രമായ ചില സംഗതികളെ ഇവിടെ പ്രസ്താവിക്കാം.

**1. ന്യായം:—** ന്യായശാസ്ത്രത്തിൻെറ കർത്താവു ഗൌതമമാചാര്യനാകുന്നു. ഇതിന്നു തർക്കശാസ്ത്രം എന്നുകൂടി പറഞ്ഞുവരുന്നു. ന്യായശാസ്ത്രത്തിൽ, പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം, ഐതിഹ്യം, അർത്ഥാപത്തി, സംഭവം, അഭാവം, എന്നീ വിവിധവശങ്ങളുണ്ട്.

**2. വൈശേഷികം:—** ഇതിൻെറ കർത്താവു കണാദമഹർഷിയാകുന്നു. ഇതു ന്യായശാസ്ത്രത്തോടടുത്തുകൊണ്ടും, പൊരുത്തപ്പെട്ടുകൊണ്ടും നിലകൊള്ളുന്നു. മനുഷ്യൻെറ വിജയരഹസ്യം, സ്നേഹത്തിലും പ്രത്യേകിച്ചു ധർമ്മത്തിലുമാണ് നിലകൊള്ളുന്നതെന്നും അതനുസരിക്കുന്നതിനാൽ ജ്ഞാനവും, മോക്ഷവും സിദ്ധിക്കുന്നുവെന്നും സിദ്ധാന്തിക്കുന്നു.

**3. സാംഖ്യം:—** കപിലഋഷിയാണ് ഇതിൻെറ ജനയിതാവു്. ഇരുപത്തഞ്ചു് തത്വങ്ങൾ കപിലാചാര്യൻ ഇതിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, 1. പ്രകൃതി 2. പുരുഷൻ എന്നീ രണ്ടു വി

ഭാഗങ്ങളാണ് മുഖ്യമായവ. ഇരുപത്തഞ്ചാമത്തെ തത്വം "പുരുഷൻ" ആകുന്നു. പ്രകൃതി അജീവവുമാണ്. ബ്രഹ്മാണ്ഡകർത്താവാവ ഒരു ഈശ്വരനെ ഇതിൽ ഉന്നയിക്കപ്പെടുന്നില്ല. പുരുഷൻെറ പ്രയത്നഫലത്താൽ സകലതും എന്നുവേണ്ട ജന്മരാഹിത്യവും സിദ്ധിക്കുന്നു എന്നുകൂടി അനുശാസിക്കുന്നു. ബുദ്ധമത തത്വങ്ങളുടെ അടിസ്ഥാനം "സാംഖ്യ"ശാസ്ത്രമാണെന്നു മനസ്സിലാക്കുവാൻ വിഷമമില്ല. വൈദികകർമ്മങ്ങളെക്കൊണ്ടു പ്രയോജനമില്ല. സ്വപ്രയത്നത്താൽ ആത്മനിർവൃതിയുണ്ടാകുമെന്നു ഘോഷിക്കുന്നു. ജീവരാശികളിലേക്ക് സ്നേഹരൂപമായ മനോവൃത്തിയെ തിരിച്ചു വിടുക. പരമാത്മാവിൽ സ്നേഹമസൃണമായ ഭക്തിയോടുകൂടി ജീവിതത്തിനു ചാരിതാർത്ഥ്യം ഏകുകയാണ് പരമമായ ധർമ്മമെന്നും അതിനായി മനസ്സാകുന്ന പുഷ്പത്തെ അർപ്പിച്ചാണ് ആരാധിക്കേണ്ടതെന്നും; അതു വികസിച്ചാലുണ്ടാകുന്ന സൌരഭ്യധോരണിയാണ് "ആനന്ദം" എന്നും മററുമാണ് ഗ്രഹിക്കുന്നതു്.

4 **യോഗം:**—യോഗശാസ്ത്രത്തിൻെറ കർത്താവു പതഞ്ജലിയാകുന്നു. ഇതിൽ "ജീവാത്മാവും" "പരമാത്മാവും" തമ്മിലുള്ള ഐക്യത്തെ കാട്ടുന്നു 1. യമ, 2. നിയമ, 3. ആസന, 4. പ്രാണായാമ, 5. പ്രത്യാഹാര, 6 ധാരണ, 7. ധ്യാനം, 8. സമാധി എന്നീ "അഷ്ടാംഗ" യോഗങ്ങളാൽ ജീവാത്മാവും, പരമാത്മാവും തമ്മിലുള്ള "യോഗം" സാധിക്കുമെന്നു അനുശാസിക്കുന്നു. ഇതു കൂടാതെ ജനനമരണ കാരണങ്ങൾ അവിദ്യ, അഹങ്കാരം, രാഗം, ദ്വേഷം, അഭിനിവേശം ഇത്യാദികളെന്നു പതഞ്ജലി യുക്തിയുക്തം ആസൂത്രണം ചെയ്തിരിക്കുന്നു.

5. **പൂർവമീമാംസ:**—ഇതിൻെറ ജനയിതാവു് "ജെയ്മിനി"യാകുന്നു. വേദാനുഷ്ഠാനങ്ങളെ പററിയാണ് ഇതിൽ പ്രതിപാദിക്കുന്നതു്. യാഗാദികളെല്ലാം ഏതേതുവിധം ചെയ്യണമെന്നുള്ള ദുർഗ്രാഹ്യങ്ങളായ വിധികൾ ഇതിൽ അടങ്ങീട്ടുണ്ടു്.

6. **ഉത്തരമീമാംസ:**— ബാദരായണവ്യാസൻ ഉത്തരമീമാംസയാകുന്ന വേദാന്തത്തെ "സാംഖ്യ" ശാസ്ത്രതത്വങ്ങൾ ഉൾക്കൊള്ളിച്ചു എല്ലാം "ഈശ്വരമയം" എന്നു വാദിച്ചു. സർവ്വവും ഈശ്വരനാകുന്നു. "രണ്ടു" എന്ന ഒരവസ്ഥയേ ഇല്ല എന്നാണ് ഈ സിദ്ധാന്തം.

ഇത്രയും സംക്ഷേപിച്ചതിൽ ഭാരതീയ തത്വശാസ്ത്രഭണ്ഡാരത്തിൽ "സാംഖ്യ" ശാസ്ത്രമാണ് സർവ്വരാലും സമ്മതിക്കപ്പെട്ടുകാണു

ന്നതു്. ഗീതയുടെ ഉള്ളടക്കവും "സാംഖ്യ"ത്തിൽ നിഴലിച്ചുകാണുന്നു. പണ്ഡിതന്മാർക്കുകൂടി വിഷമമേറുന്ന മേൽപറഞ്ഞ തത്വസംഹിതകളുടെ നിലപാടിൽ "നാലും ആറും ആടുന്ന" കേരളമഹർഷി എഴുത്തച്ഛൻ ചെയ്യുന്ന ഗാനാലാപനം നോക്കുക:—

"അക്കാനലാദി വെളിവൊക്കെ ഗ്രഹിക്കുമൊരു-
കണ്ണിന്നു കണ്ണു മനമാകുന്ന കണ്ണതിനു,
കണ്ണായിരുന്ന പൊരുൾതാനെന്നുറപ്പുളവിൽ
ആനന്ദമെന്തു ഹരിനാരായണായനമഃ"

ഈ വിശിഷ്ട ഗാനം പണ്ഡിതന്മാരെ മാത്രമല്ല, സാധാരണന്മാരെക്കൂടി ഉണർത്തുവാനും, തന്നിൽതന്നെയുള്ള തേജസ്സിനെ കാണുകയും, അനന്തരം എല്ലാ വസ്തുക്കളിലും ആ ദിവ്യചൈതന്യം തന്നെയാണ് വിളങ്ങുന്നതെന്നറികയും ചെയ്യാൻ പാവപ്പെട്ടവർപോലും അവകാശികളായിത്തീരണം എന്നായിരുന്നു ആ മഹർഷിവര്യന്റെ ആഗ്രഹം. "ഷഡ്ദർശനങ്ങൾ" "ആടു"ന്ന തുഞ്ചത്താചാര്യൻ—അതേ കേരളീഗുരുവിന്റെ ആ വിശിഷ്ടാശയത്തെ നമുക്കു വിസ്മരിച്ചുകൂടാ.

---

# വിദ്യാർത്ഥി പംക്തി

## വായിക്കുന്ന വിദ്യാർത്ഥികളോടു്

(പുത്തേഴത്തു് രാമമേനോൻ)

വേരുറയ്ക്കാത്ത ചെടികളെ,—അഭിപ്രായ ദൃഢതയിലെത്തീട്ടില്ലാത്ത യുവജനങ്ങളെ,— അങ്ങോട്ടും ഇങ്ങോട്ടും വലിക്കുകയും, ഉലക്കുകയും ചെയ്യുന്ന് കൊടുങ്കാററുകളെപ്പോലെയാണിന്നത്തെ നായകനാട്യക്കാരും, നാടിന്റെ നോട്ടക്കാരും പ്രവർത്തിക്കുന്നതു്! കൊടുങ്കാററുകൾക്കു പക്ഷേ, ദുരുദ്ദേശമോ, സ്വാർത്ഥപ്രതിപത്തിയോ ഇല്ല. അവ, പ്രകൃതിശക്തിക്കനുസരിച്ചങ്ങിനെ വീശുന്നു. ആ വീശലിൽ, കാലുറപ്പില്ലാത്തവ മലന്നുവീഴുന്നു എന്നു മാത്രം. എന്നാൽ ജീവനുള്ള വർഗ്ഗങ്ങളിൽ ഏററവും സ്വാതന്ത്ര്യവും ബുദ്ധിമാനുമായ മനുഷ്യൻ കാററുപിടിച്ചു, കല്പിച്ചുകൂട്ടിയും, തൻകാര്യം കാണാതെയും, ഒരു കയ്യും, കടുംകയ്യും ചെയ്യുന്നതല്ല! മനുഷ്യരിൽ ബുദ്ധികൂടുതലുള്ളവരോ കുബുദ്ധിയുടെയെങ്കിലും കുമ്പാരം കൂടീട്ടുള്ളവരോ ആ

യിരിക്കും, പ്രായേണ നേതാക്കന്മാരും, നായകന്മാരും; തന്നിമിത്തം, തൻകാര്യത്തിനുവേണ്ടി എന്തും പ്രവർത്തിക്കാൻ മടിയില്ലാത്തവരാണ് മിക്കവാറും; ആ വർഗ്ഗംതന്നെയും. "എണ്ണമാണ് വണ്ണ"മെന്നതു സംപൂജ്യമെന്നു പറയപ്പെടുന്ന "ജനകീയത"യുടെ രഹസ്യവും പരസ്യവും ആണ്, യുവലോകത്തിൻെറ പിന്തുണയെ തന്നിമിത്തം ഏതു "അഭിവന്ദ്യനേതാവും" "അനിഷേധ്യനായകനും", അഭികാമിക്കുകയും അതിന്നുവേണ്ടി സ്വരംമാററിയും താളംതിരിച്ചും ആട്ടവും പാട്ടും പൊടിപൊടിക്കുകയും ചെയ്യുന്നു! സ്കൂൾകുട്ടികളെ തൻെറ ടം കെടുത്തി, കർത്തവ്യവിമൂഢരാക്കി, ഇൻകിലാബ് വിളിക്കാരാക്കി, വെളിക്കുവരുത്തി, അവരുടെ തലകളിൽ താണ്ഡവനൃത്തം ചെയ്യുന്നതു് നേതാക്കന്മാൎക്കു ഒരു വിനോദംമാത്രമാകുന്നു! യുവാക്കന്മാരെ ചവുട്ടിമെതിച്ചുകൊണ്ടു മുകളിൽ കയറിക്കഴിഞ്ഞാൽ, അവർ തന്നെ പറയുകയായി, "ഭാവിപൌരന്മാരെ! അച്ചടക്കവും അനുസരണവും പാലിക്കുവിൻ" എന്നു്! അവർ പറയുന്നതിൻെറ അൎത്ഥം, അവരുടെ നേരെ ആദരവും അനുസരണവും എന്നു മാത്രമാകുന്നു! അതുണ്ടോ മററുള്ളവർ, മുകളിൽ കയറുവാൻ മുക്രകുത്തുന്ന ഇതരന്മാർ, വഴിതിരിഞ്ഞുകാട്ടുകയും, യാത്രപരിപാടി കണ്ടറിയുകയും ചെയ്തിട്ടുള്ള പരാജിത നേതാക്കന്മാർ സമ്മതിക്കുവാൻപോകുന്നു? അവർ പൂൎവ്വാധികം വീറോടും, കൂറോടുംകൂടി ആപ്പണി തന്നെ മറെറാരു ലക്ഷ്യത്തെ ഉന്നംവെച്ചും ഉയൎത്തിപ്പിടിച്ചും വീണ്ടും തുടരുകയായി. ആദ്യത്തിൽ അനുഗമിക്കപ്പെട്ട നായകന്മാരിൽനിന്നുണ്ടായ ദുരന്താനുഭവത്തിൻെറ വെളിച്ചത്തിൽ, ചഞ്ചലഹൃദയന്മാരായ യുവാക്കൾ, പുതിയ കക്ഷിക്കാരെ പിന്തുടരുകയായി. ഇങ്ങിനെ, കക്ഷിതാല്പൎയ്യങ്ങളാകുന്ന കൊടുങ്കാററിൽ, കൊമ്പുകളൊടിഞ്ഞും, നടുകണ്ടിച്ചും; കടപുഴങ്ങിയും അലങ്കോലപ്പെട്ടാണിന്നത്തെ യുവലോകത്തിൻെറ കിടപ്പു്. ഇതിൽനിന്നൊരു മോചനമുണ്ടാകണമെങ്കിൽ ഭാവിതലമുറ നിലയും വിലയും ക്ഷമയും കാൎയ്യക്ഷമതയും ഉള്ളതായി ഉയരണമെങ്കിൽ ആ കൊടുങ്കാററിൽനിന്നു അവരെ മാററിനിൎത്തണം. അവരെ കക്ഷിതാല്പൎയ്യങ്ങൾക്കെല്ലാം അപ്പുറത്തു നിറുത്തണം. നേതാക്കന്മാൎക്കു അപ്രാപ്യരായി വളൎത്തണം. വേരുറയ്ക്കുന്നതുവരെ സ്വാഭിപ്രായ രൂപീകരണത്തിന്നും സ്വതന്ത്രപ്രവൎത്തനങ്ങൾക്കുമുള്ള ശേഷിയും ശേമുഷിയും ഉറയ്ക്കുന്നതുവരെ സ്വയം വളരുവാൻ അവരെ അനുവദിക്കണം. അതാണിന്നത്തെ അടിയന്തരാവശ്യം. എല്ലാവരും ആവശ്യപ്പെടുന്നതും വിദ്യാൎത്ഥികള

ടേയും യുവലോകത്തിൻെറയും പിന്തുണയാണ്. ഒക്കെക്കഴിഞ്ഞു ഇതാ ഇപ്പോൾ ശ്രമദാനയജ്ഞക്കാരും വിദ്യാർത്ഥികളോടു വിളിച്ചു പറയുന്നു. "പഠിപ്പൊക്കെ പിന്നെ ആവാം സ്കൂൾവിട്ടിറങ്ങിവന്നു ശ്രമദാനയജ്ഞത്തിൽ ആഹുതിചെയ്യപ്പെടുവിൻ" എന്നു. ആരാൻെറ അപരാധം എന്നും വാരിയൻെറ പുറപ്പുറത്തുതന്നെ.

രാഷ്ട്രത്തിൻെറ സമ്പത്തു തീർച്ചയായും, അസൂയയോടും അധികാരക്കൊതിയോടുംകൂടി, എങ്ങിനെയെങ്കിലും, മുൻപന്തിയിൽ ചാടിക്കയറാൻ കൊതിക്കുന്നവരല്ല. സത്യത്തെ മുൻ നിർത്തി, സ്വാർത്ഥത്തെ മാററിനിർത്തി, പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ഒരു യുവലോകത്തെയാണ് രാഷ്ട്രം കാത്തുനില്ക്കുന്നതു്. സ്വഭാവശുദ്ധിയും, ആദർശസമ്പത്തും, അഭിപ്രായ ദൃഢവും, നിർഭയത്വത്തോടുകൂടിയ കർമ്മകുശലതയും ഉള്ള ഒരു യുവലോകമാണ് രാഷ്ട്രത്തിൻെറ അമൂല്യ സമ്പത്തു്. കർമ്മപ്രവണതയാണ് രാഷ്ട്രം ആവശ്യപ്പെടുന്നതു്; ഏതു കർമ്മത്തിന്നുമുള്ള കുസലില്ലായ്മ, ധർമ്മത്തിൽനിന്നു് വ്യതിരക്തമല്ലാത്ത, അഭേദ്യമായ കർമ്മപ്രവണത'

മാനസികാരോഗ്യം ക്ഷയിപ്പിക്കുവാനേ, നാസ്തികവാദം പര്യാപ്തമാകയുള്ളൂ. സംതൃപ്തിയും, സമാധാനവുമാണ് നമുക്ക്—വ്യക്തിക്കും, രാജ്യത്തിന്നും, — മുഖ്യാവശ്യം. അശാന്തമായ മനസ്സാണ് ലോകത്തെ ദുഃഖഭൂയിഷ്ഠമായിക്കാണുന്നതു്. ശാന്തിസമാധാനങ്ങളുടെ ഉറവും നിറവും ആസ്തിക്യബോധത്തിൽ മാത്രമാണിരിക്കുന്നതു്. ഒരു വണ്ടിയിൽ യാത്രചെയ്യുന്നവൻ, തൻെറ പെട്ടിയും കിടക്കയും തലയിൽ ചുമന്നുകൊണ്ടു കഷ്ടപ്പെടാതെ, വണ്ടിയിൽ ഒരിടത്തു മാററിവെച്ചു, സുഖമായിക്കിടന്നുറങ്ങുന്നതുപോലെ ആസ്തിക്യബോധം ദൈവവിശ്വാസം, മനുഷ്യൻെറ ഭാരിച്ച ജീവിതചുമടുകളെ താൻതന്നെ തലയിലേററി കഷ്ടപ്പെടാതെ, താഴെ വെച്ചു്, ആശ്വാസം കൊള്ളുന്നതിന്നു്, അവനെ സഹായിക്കുന്നു! ശക്തനാക്കുന്നു! ഇന്നത്തെ ഭൌതികവാദം, നാസ്തികവാദപ്രതിപത്തി, ഒരു താല്ക്കാലിക ചാപല്യം മാത്രമാണ്. ശാസ്ത്രവും, ഗവേഷണവും, യുക്തിയും, ബുദ്ധിയും ഒന്നും പുത്തൻ ചരക്കുകളോ പ്രസ്ഥാനങ്ങളോ അല്ല. പണ്ടും അവയൊക്കെ ഉണ്ടായിരിക്കുക തന്നെ ചെയ്തു. എന്നിട്ടും, ആസ്തിക്യം അസ്തമിക്കുകയല്ല, അധികരിക്കുകയാണ് ചെയ്തതു്. റഷ്യയും ക്രമേണ ആ മാർഗ്ഗത്തിലേക്കുള്ള തിരിച്ചുവരവിനെയാണ് സൂചിപ്പിച്ചുകൊണ്ടിരിക്കുന്നതു് !

## II

ആത്മാർത്ഥതയും; ആത്മവിശ്വാസവുമില്ലാതെ, അർത്ഥകാമങ്ങളുടെ പിന്നാലെ ഓടുന്ന അസംപ്രേക്ഷ്യകാരികളായ നേതൃമ്മന്യന്മാരുടെ ആഹ്വാനങ്ങളേയും, അനർത്ഥകാരികളായ അഭിപ്രായങ്ങളേയും അനാദരിക്കുവാൻ ശീലിക്കുകയാണ്, വിദ്യാർത്ഥികൾ ആദ്യമായി വേണ്ടതു്! അതുപോലെതന്നെ അതേവിധം വേഷഭൂഷണാദികളോടുകൂടിയവരും, എന്നാൽ ആദ്യം പറഞ്ഞവരേക്കാൾ കൂടുതൽ ആപൽകാരികളുമായ മറെറാരുവർഗ്ഗം അധിനായകന്മാരുണ്ടു്! അവർ ഭാവിക്കുകയല്ല, വാദിക്കുകതന്നെ ചെയ്യുന്നു, ഭാവിതലമുറയുടെ രൂപീകരണാവകാശവും, അധികാരവും തങ്ങൾക്കു മാത്രമാണെന്നു്! അഹംഭാവത്തിന്റെ ഉന്നത കൊടുമുടിയിൽ കയറിനിന്നുകൊണ്ടു്, കലാബോധത്തിന്റേയും, സൗന്ദര്യാസ്വാദനത്തിന്റെയും, പൊതുജനക്ഷേമത്തിന്റെയും വസ്ത്രം ധരിച്ചുകൊണ്ടു്, ശൃംഗാരപ്പഞ്ചാരപൊതിഞ്ഞ സാഹിത്യകൃതികളെ നിർമ്മിക്കുന്ന കർത്താക്കന്മാരാകുന്നു, "അരയിൽ കിടക്കുന്ന അരഞ്ഞാൺചരടു പാമ്പുകളായ" ആ ശത്രുപ്പരിഷകൾ! അശ്ലീലഭാഷ, ആഭാസമായ ഇതിവൃത്തം, അറപ്പുണ്ടാക്കുന്ന പ്രതിപാദനരീതി, സത്യധർമ്മാദികളോടുള്ള എതിപ്പ്, ദൈവത്തോടുള്ള വെല്ലുവിളി സർവ്വോപരി "അമ്പടഞാനേ" എന്നഭാവം! ഇവയാണ്, ആ മനുഷ്യസ്നേഹികളെന്നു നടിക്കുന്ന ലോകം സമുദ്ധരിക്കാൻ സന്നദ്ധതകാട്ടുന്ന, "നല്ലനാളെ സൃഷ്ടിക്കുവാൻ" സാഹസപ്പെടുന്ന, സാഹിത്യകാരന്മാരുടെ കൈമുതലുകൾ! ഭയപ്പെട്ടും, ശങ്കിച്ചുമല്ലാതെ പറയാവുന്നതല്ലാ ഈ അഭിപ്രായം. യുവലോകത്തിന്റെ ഭാവിയെ നങ്കൂരമില്ലാത്തതും, കാററിൽ പെട്ടതുമായ ഒരു ഓട്ടക്കപ്പലിനെപ്പോലെയാക്കുന്നതിന്നല്ലാതെ, അവരുടെ കൃതികൾ, സുകൃതികളായി ഭവിക്കുന്നില്ലാ എന്നതാണു പരമാർത്ഥം

വായന വർദ്ധിച്ചും, വായനശാലകൾ രാജ്യവ്യാപകങ്ങളായും, വായിക്കുവാനുള്ള അച്ചടിസാമാനങ്ങളുടെ പ്രവാഹം അപ്രതിഹതമായും തീർന്നിരിക്കുന്നു. അതു് അത്യന്തം അഭിമാനകരം തന്നെയെങ്കിലും ഇക്കാലത്തു വായിക്കുവാൻ പറയുന്നതിലുമധികം ആവശ്യമായതും, ആലോചിച്ചുനോക്കേണ്ടതുമാണ്, എന്താണ് വായിക്കേണ്ടതു് എന്ന സംഗതി. എന്തിനാണ് വായിക്കുന്നതെന്നു് തീർച്ചപ്പെടുത്തിയതിനു ശേഷമല്ലാതെ, എന്താണ് വായിക്കേണ്ടതു് എന്നു് പറയാനും നിവ്വാഹമില്ല! വായനക്കു ലഭിച്ചിരിക്കുന്ന ഇന്നത്തെ പ്രചാരവും, പ്രബുദ്ധതയും ശാശ്വതമായിരിക്കുമോ എന്നുകൂടി

ഭയപ്പെടണം. അൻപദിനം വർദ്ധിച്ചുവരുന്ന ജീവിതായോധനത്തിന്റെ മൂർച്ഛയുടെ നിഴലിൽനിന്നു നോക്കുമ്പോൾ, പത്രങ്ങളിലെ വാർത്തകളുടെ വലിയ തലക്കെട്ടുകൾ ഓടിച്ചുനോക്കുക, വല്ല മാസികയിലെയും ചിത്രങ്ങൾ മറിച്ചുനോക്കുക, പെട്ടെന്നു ആകർഷണംതോന്നിയ വല്ല ചെറുകഥയുടേയും കഥ കഴിക്കുക, എന്നിവയിൽ കവിഞ്ഞൊന്നും കാര്യമായി ചെയ്യാൻ സാധിക്കാത്തവരാണു ജീവിതക്ലേശങ്ങളിൽ കറങ്ങിക്കഴിയുന്നവർ. വായനയുടെ കാര്യത്തിലും തന്നിമിത്തം യുവലോകമാണു, വിദ്യാർത്ഥിലോകമാണു, ജീവിതയുദ്ധരംഗത്തിലേക്കു "റിക്രൂട്ടിങ്ങ്" കഴിഞ്ഞിട്ടില്ലാത്തവരാണു വലിയ ഒരു പങ്കു വഹിക്കുന്നതു്, അഥവാ വഹിക്കേണ്ടതു്. അതിനാൽ അവരെ നോക്കിക്കൊണ്ടും കണ്ടുകൊണ്ടും ആകുന്നു ലാഭക്കണ്ണും കച്ചവടക്കണ്ണും മാത്രം പെരുമാറുന്ന പുസ്തകപ്പണിക്കാരുടെ പ്രവൃത്തിയും. അവരേയും, അവരുടെ "മലഞ്ചരക്കി"നേയും സൂക്ഷിക്കാഞ്ഞാൽ, യുവലോകം നിരാലംബവും, നിസ്സഹായവുമായിപ്പോകും! കക്ഷിത്വവും കക്ഷിപൂരണവ്യഗ്രതയുംമാത്രം ലക്ഷ്യവും ലക്ഷണവുമായിത്തീർന്ന സാഹിത്യപ്രവർത്തനങ്ങളുടേയും പത്രപ്രവർത്തനങ്ങളുടേയും ചിരകാലപരിശ്രമത്തിന്റെ അനുഭവം, സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം, എന്തായിരിക്കുന്നു? അവരുടെ വിജ്ഞാനപരിധിയും രുചിയുടെ നിലപാടും, ജുഗുപ്സാവഹമായിത്തീർന്നിരിക്കുന്നു! ഒരു വാർത്തതന്നെ ഓരോ പത്രക്കാർ അവരവരുടെ കക്ഷിനിലക്കനുസരിച്ചു വിവിധരൂപത്തിൽ ചെയ്യുന്ന "വെണ്ടക്കപ്രയോഗ"ത്തിൽനിന്നുതന്നെ, വാർത്തയല്ല, വക്താവാണു് സൂക്ഷിക്കപ്പെടേണ്ടവൻ എന്നു സ്പഷ്ടമാകുന്നതാണു്! പാണ്ഡിത്യം എന്നു പറയുന്നതു് തങ്ങളുടെ അജ്ഞാനത്തിലും അവിവേകത്തിലും അഹങ്കാരത്തിലുമല്ലാതെ, മറ്റൊന്നിലും "മഷിയിട്ടുനോക്കിയാൽ പോലും കാണാനില്ലാത്ത"വരായ കവികളേയും കഥാകൃത്തുകളേയും ധാരാളം കാണാവുന്നതാണു്! അവരിൽ പലരും സ്വാഗതാർഹരായും സ്വാധീനശക്തിയുള്ളവരായും ഭവിച്ചിരിക്കുന്നു! അതു് "ഭാവിശ്രേയസ്സിനു ശുഭകരമല്ലെന്നു തീർച്ചയാണു്".

മുമ്പു സൂചിപ്പിച്ചതുപോലെ, ഇന്നു ജീവിതം, "സകല മാനവപേക്ഷം", ഒരായോധനം തന്നെയാണു്. "യുദ്ധകാലവസ്ഥ," താല്ക്കാലികം എന്ന മട്ടുമാറി, അതൊരു ശാശ്വതാവസ്ഥയായി വന്നുകൂടിയിരിക്കുന്നു! എന്തിനുവേണ്ടിയുള്ള യുദ്ധം? അശാശ്വതങ്ങളും, അല്പസുഖപ്രദങ്ങളും, അശാന്തിദായകങ്ങളുമായ ഭൗതികാഗ്രഹങ്ങളുടെ

സമ്പൂൎത്തിക്കായികൊണ്ടുള്ള അനവരതയുദ്ധം! സ്വാതന്ത്ര്യത്തിൻെറ പള്ളിശംഖം ഊതിക്കൊണ്ടു, സമത്വത്തിൻെറ സംഗീതം മുഴക്കിക്കൊണ്ടു, സാഹോദൎയ്യത്തിൻെറ സൌഹാൎദ്ദം പ്രഖ്യാപിച്ചുകൊണ്ടു പരിഷ്കൃതനും പുരോഗാമിയുമായ മനുഷ്യൻ, അസ്വാതന്ത്ര്യത്തിൻെറയും, അസമത്വങ്ങളുടേയും, വ്യക്തിവിദ്വേഷങ്ങളുടേയും, തീച്ചൂളകളിലേക്കു, കൂടുതൽ കൂടുതൽ നിപതിച്ചുകൊണ്ടുവരികയാണ്!

ഈ ജീവിതത്തിരക്കിൽ, സൈനികന്മാർ എന്തു വായിക്കാനാണ്? വേണ്ടതൊന്നും, വേണ്ടവിധത്തിലൊന്നും, വായിക്കാനാവില്ലെന്നു തീൎച്ചയാണ്. അതുകൊണ്ടു ഭാവിയിലെ പൌരന്മാരായ വിദ്യാൎത്ഥികളാണ് വായനയുടെ കാൎയ്യത്തിൽ നിഷ്ഠയും നിഷ്കൎഷയും പരിപാലിക്കേണ്ടതു്. അതിന്നു വേണ്ടതായ പ്രശാന്തമായ അന്തരീക്ഷവും അനുയോജ്യമായ വിശ്രമവേളയും അവൎക്കുണ്ടു്. അവർ അതിനെ അശാന്തവും വിപ്ലവപരവും ആക്കാതിരുന്നാൽ മാത്രം മതി. യഥാൎത്ഥത്തിൽ വിദ്യാൎത്ഥി ജീവിതകാലം വിജ്ഞാനസമ്പാദനത്തിന്നു മാത്രമായിട്ടുള്ളതാണ്. അതിനെ അല്പമെങ്കിലും അകലത്തുനിന്നുകൊണ്ടെങ്കിലും അലംകോലപ്പെടുത്തുന്ന യാതൊരു കൈയ്യേറ്റത്തെയും അതു് ഏതു കക്ഷിയുടെ പേരിലൊ, ആവശ്യത്തിൻെറ നാമത്തിലൊ ആയാലും,—ശക്തിയായി പ്രതിഷേധിക്കുകയും, നിരസിക്കുകയും വേണം. കോൺഗ്രസ്സുപരിപാടി, സ്വാതന്ത്ര്യസമരത്തിൻെറ ആവശ്യാൎത്ഥമാണെങ്കിലും വിദ്യാൎത്ഥിജീവിതത്തെ താറുമാറാക്കികളഞ്ഞു എന്നു സവ്യസനം സമ്മതിക്കാതെ തരമില്ല. എളുക്കിമാററുവാനെളുപ്പമാണ്. ഒതുക്കിനിൎത്തുവാനെളുപ്പമല്ല. അതിൻെറ ദുരന്താനുഭവങ്ങളാണിന്നു്, ഇന്ത്യയിൽ സൎവ്വത്ര വ്യാപിച്ചിരിക്കുന്നതു്!

III

എന്തിനാണ് വായിക്കുന്നതെന്നു നിശ്ചയിച്ചിട്ടു വേണമല്ലോ, എന്താണ് വായിക്കേണ്ടതെന്നും, എങ്ങിനെയാണ് വായിക്കേണ്ടതെന്നും നിൎണ്ണയിക്കുവാൻ. "പ്രയോജനമുള്ള പുസ്തകങ്ങൾ വായിക്കുക. അല്ലാത്തവ ത്യജിക്കുക," എന്നാണ് വിദ്വന്മതം. എന്താണ് പ്രയോജനം? അവിടെയും അഭിപ്രായവ്യത്യാസങ്ങളില്ലായ്കയില്ല. പ്രയോജനത്തിൻെറ സാക്ഷാത്തായ അൎത്ഥത്തിൽ ജീവിതത്തെ പ്രയോജനമുള്ളതാക്കിതീൎക്കുന്നതു്, എന്നു് വിവക്ഷിക്കാം. ജീവിതത്തിന്നു് ഒരു ലക്ഷ്യവും, ഉദ്ദേശവും ഉണ്ടെന്നും, അതു് കേ

വലം മൃഗത്തിന്റേതുപോലെ, "തിന്നുക, ഉറങ്ങുക, എണകൂടുക" എന്നുമാത്രമല്ലെന്നും, ഒരുമാതിരിക്കാരൊക്കെ സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. ആ ലക്ഷ്യപ്രാപ്തിക്കു സഹായകമായിത്തീരുന്നവയൊക്കെ, ജീവിതത്തിൽ പ്രയോജനപ്പെട്ടവയാകുന്നു. അപ്പോൾ, പ്രയോജനമുള്ള പുസ്തകങ്ങളുടെ ഒരു സാമാന്യരൂപം മനസ്സിലാക്കാവുന്നതാണ്

ഗ്രന്ഥങ്ങളെ താല്ക്കാലികങ്ങളെന്നും, ശാശ്വതങ്ങളെന്നും, രണ്ടായി തരംതിരിക്കാം. മുൻപ്രസ്താവിച്ച "പ്രയോജന"ത്തെ അടിസ്ഥാനപ്പെടുത്തിയാണ്, തരംതിരിക്കലും നിർവ്വഹിക്കപ്പെട്ടിരിക്കുന്നതെന്നു കാണാവുന്നതാണ്. ഇതിനെത്തന്നെ, മറെറാരു മഹാൻ, വേറെ ഒരുവിധത്തിലും വർണ്ണിച്ചിട്ടുണ്ട്. സ്വാദുനോക്കാവുന്ന പുസ്തകങ്ങൾ, കടിച്ചുചവച്ചിറക്കി ദഹിപ്പിക്കാവുന്ന പുസ്തകങ്ങൾ, ഇങ്ങിനെയാണാവിവരണം. സാരാംശത്തിൽ കാര്യം വ്യത്യസ്തമല്ല. ശാശ്വതമൂല്യങ്ങളോടുകൂടിയവയും സത്യധർമ്മാദികളെ വിശദപ്പെടുത്തുന്നവയുമായ പുസ്തകങ്ങൾ, വെറുതെ മറിച്ചുനോക്കിയാൽപോരാ അക്ഷരംപ്രതി ഉരുവിട്ടു പഠിച്ച്, തന്റെതന്നെ അംശമാക്കി, അലിയിച്ചു ചേർക്കുകയും. അതനുസരിച്ചുള്ള ജീവിതക്രമം അനുഷ്ഠിക്കുകയും വേണം. "ബേക്കൺ" ആകുന്നു, ഈ വിശദീകരണത്തിന്റെ കർത്താവ്. ഒരു മുന്നറിവുനല്കുന്നതു്, ഈ തരുണത്തിൽ സമഞ്ജസമായിരിക്കും. തൊഴിൽ സംബന്ധമായ സാങ്കേതിക ഗ്രന്ഥങ്ങളെ ഈ വിവരണം ബാധിക്കുന്നതല്ല. അവയെല്ലാം "അപ്പംതേടിഗ്രന്ഥങ്ങ"ളാകുന്നു. (Bread winning books.)

ശരീരത്തിന്നു ഭക്ഷണം എന്നപോലെ മനസ്സിന്നും, മസ്തിഷ്കത്തിന്നും വളർച്ചയും ശക്തിയും കൈവരുവാൻ കൂടിയെകഴിയൂ. ആ ഭക്ഷണമാണ് നാം സമ്പാദിക്കുന്ന ജ്ഞാനവിജ്ഞാനങ്ങൾ. ചീത്തഭക്ഷണം ശരീരത്തെ ക്ഷീണിപ്പിക്കുകയും രോഗാധീനമാക്കുകയും മരണത്തിലേക്കു എത്തിക്കുകയും ചെയ്യുന്നതുപോലെ. ചീത്തവായനയും—അസന്മാർഗ്ഗികങ്ങളും അധാർമ്മികങ്ങളും അബദ്ധാഭാസജടിലങ്ങളുമായ ഗ്രന്ഥങ്ങളുടെ പാരായണവും,—അസത്തുക്കളോടുകൂടിയുള്ള സംസർഗ്ഗവും—ബുദ്ധിയേയും മനസ്സിനേയും മലിനവും, വ്യാധിഗ്രസ്തവും ചൈതന്യരഹിതവും ആക്കിത്തീർക്കുന്നു. ഇതൊരു ശാശ്വതസത്യമാണ്. ഇതിൽനിന്നറിയാം, വായനയുടെ വിഷയത്തിൽ, സംസർഗ്ഗത്തിന്റെ സംഗതിയിൽ, സൂക്ഷ്മത—എത്രമാത്രം മനസ്സിരുത്തേണ്ടതാണെന്നു്.

മനശ്ശാസ്ത്രസംബന്ധമായ ഒരു തത്വംകൂടി ധരിച്ചിരിക്കുന്നതു നന്നായിരിക്കും. പഞ്ചേന്ദ്രിയങ്ങളിൽ ഏതിൽകൂടിയായാലും വേണ്ടില്ല, ഒരുത്തന്റെ അകത്തു പ്രവേശിക്കുന്ന് "ജ്ഞാനശകലങ്ങ"ളിൽ ഒന്നുപോലും, അല്പംപോലും, നഷ്ടപ്പെടുന്നില്ല. എല്ലാം അവിടെ, നമ്മുടെ ഉപബോധനഭസ്സിൽ കിണററിൽ എറിയപ്പെട്ട സാധനങ്ങളെപോലെ, എന്നെന്നേക്കും നിക്ഷിപ്തങ്ങളാണ്. അതിനൊരുത്തന്റെ മനഃപൂർവ്വതയൊ, കല്പനയോ ഒന്നും ആവശ്യമില്ല. അതായതു, ഒരുത്തൻ അലസഭാവത്തിലോ, അനാദരാവസ്ഥയിലോ എങ്ങിനെയെങ്കിലും, സമ്പർക്കം പുലർത്തപ്പെടുന്ന സംഗതികളൊക്കെ, അവന്റെ അറിവുകൂടാതെതന്നെ, അവയുടെ സൂക്ഷ്മരൂപത്തിൽ ആ ഉപബോധമനസ്സാകുന്ന കണ്ടുകിണററിൽ സൂക്ഷിക്കപ്പെടുന്നു.

മനസ്സാകുന്ന മഹാമണ്ഡലത്തിന്റെ വളരെ ചെറിയതായ ഒരു ഉപരിതലം മാത്രമാണ് മനുഷ്യന്റെ സ്വാധീനത്തിലും അനുഭവത്തിലും, സാധാരണയായി വർത്തിക്കുന്നതു്. അടിയിൽ ആണ്ടുപോയിട്ടുള്ളതൊന്നും, യഥാർത്ഥത്തിൽ പോയിട്ടുള്ളവയല്ലെന്നു മാത്രമല്ല, പൊന്തിവരുവാനും, ചിന്താഗതികളെ മലീമസമൊ, തേജോമയമൊ ആക്കുന്നതിന്നും യഥാക്രമം ശക്തിയുള്ളവയുമാണ്. അതാണ് "വാസനാരൂപത്തിൽ" പ്രവർത്തിക്കുന്നതു്. തന്നിമിത്തം, ആ കിണററിൽചെന്നുവീഴുന്ന ജ്ഞാനശകലങ്ങളെല്ലാം, സാത്വികതേജസ്സും, സുന്ദരഭാവവും ഉള്ളവയായിരിക്കുവാൻ, നിതാന്തം ശ്രദ്ധിച്ചുകൊണ്ടിരിക്കണം. അതുകൊണ്ടാണ് സൽഗ്രന്ഥപാരായണവും, സജ്ജനസംസർഗ്ഗവും, സർവ്വോപരി ശ്രേഷ്ഠങ്ങളും ശ്രദ്ധേയങ്ങളുമാണെന്നു മഹാന്മാരൊക്കെ അടിക്കടി നമ്മളെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നതു്.

## IV

എന്തിനാണ വായിക്കുന്നതെന്നും എന്താണ് വായിക്കേണ്ടതെന്നും സാമാന്യമായിട്ടെങ്കിലും സൂചിപ്പിച്ചു കഴിഞ്ഞിട്ടുണ്ടെന്നു വിശ്വസിക്കുന്നു. എങ്ങിനെയാണ് വായിക്കേണ്ടതെന്നുംകൂടി അല്പം പറയുവാൻ ശ്രമിക്കാം. ശരിയായ വിജ്ഞത്വം എന്നു പറയുന്നതു തന്നെ ഇക്കാലത്തു് അപൂർവ്വമായിരിക്കുന്നു!. കള്ളവ്യാപാരമാണിന്നത്തെ കാലസ്വഭാവമായിരിക്കുന്നതു്. കൂട്ടുകുട്ടാത്തതൊ, മായം ചേർക്കാത്തതോ ജനകീയഭരണത്തിലും മരണത്തിലുംകൂടി കാണപ്പെടുന്നില്ല! ആ സ്ഥിതിക്കു വായിക്കുവാനുള്ള പുസ്തകങ്ങളും മിക്കവാ

ദം ആ സ്വഭാവംതന്നെ കൈക്കൊണ്ടിരിക്കുന്നു. വൃദ്ധാസ്ഥൂലതയൊ വിഹഗവീക്ഷണവിചക്ഷണതയൊ മാത്രമല്ല യഥാൎത്ഥമായ വിദ്വത്വം. പലതിൻേറയും "കടുകുവറക്കുവാനുള്ള അറിവു"ള്ളവരെ കാണാമെങ്കിലും ഒന്നിൻേറയും അഗാധജ്ഞാനമുള്ള ഒരുവനെപോലും കണ്ടുകിട്ടുന്നതു് അത്ര എളുപ്പമല്ലാതായിരിക്കുന്നു! പണ്ടത്തെ "പഠിപ്പുകാർ" പഠിച്ചതൊക്കെ തലയിൽ കയററികൊണ്ടു "നടക്കുന്ന നിഘണ്ടുക്കളെപോലെയാണു് വൎത്തിച്ചിരുന്നതു്. ഇന്നത്തെ പഠിപ്പിൻെറ സ്വഭാവംതന്നെ മാറിയിരിക്കുന്നു. വിഷയവിജ്ഞാനത്തെക്കാൾ ആ വിഷയത്തെക്കുറിച്ചു പ്രതിപാദിക്കുന്ന പുസ്തകങ്ങളുമായുള്ള പരിചയമാണിന്നു സമ്പാദിക്കപ്പെടുന്നതു്. ജ്ഞാനം കൈവശപ്പെടുത്തലല്ല, അതു് എവിടെക്കാണും എന്നുള്ള അറിവു സമ്പാദിക്കലാണു് ഇന്നത്തെ വിദ്യാഭ്യാസത്തിൻെറപോലും പരമലക്ഷ്യം എന്നു തോന്നിപ്പോകും! "അറിവുള്ള അജ്ഞാനികളാ"ണു് വിജ്ഞന്മാരിൽതന്നെ ഭൂരിപക്ഷക്കാരും!

ഗ്രന്ഥനിൎമ്മാണം, പണ്ടുകാലങ്ങളിൽ വലിയ പണ്ഡിതന്മാർ വളരെ കാലത്തെ പരിശ്രമത്താൽ എന്നിട്ടും, ഭയാശങ്കകളോടുകൂടിമാത്രം, നിൎവ്വഹിച്ചിരുന്ന ഒരു മഹായജ്ഞമായിരുന്നു. പലപ്പോഴും, ഗ്രന്ഥകാരന്മാർ ഗ്രന്ഥത്തിൻെറ പിന്നിൽ മറഞ്ഞുനില്ക്കയല്ലാതെ പ്രദൎശിക്കപ്പെടുവാൻ ഇഷ്ടപ്പെട്ടിരുന്നതുമില്ല. ഇന്നത്തെ നിലയെന്താണന്നോക്കുമ്പോൾ അത്ഭുതപ്പെട്ടുപോകും. പുസ്തകത്തിൻെറ മുമ്പിൽ—എന്തിന്നു പുസ്തകം, വല്ലതും ഒരു തുക്കടലേഖനമൊ, ഓമനഗീതകമൊ പററിക്കാൻ സാധിച്ചാൽ അതിന്നുമുമ്പിലും—അതിൻെറ കൎത്താവിൻെറ ഫോട്ടോവും, ഫുട്ടനോട്ടും കാണാം! എഴുത്തുകാരനൊ, അപണ്ഡിതനും, അസമൎത്ഥനും, അനുഭവജ്ഞാനത്തിനുള്ള പ്രായംകൂടിയില്ലാത്തവനും! ചില പത്രാധിപന്മാരും നിരൂപകന്മാരും, അവതാരികയെഴുത്തുകാരും, അങ്ങനെയുള്ളവൎക്കു മഹാകവി പട്ടംകൊടുക്കുവാൻ നൊയമ്പുനോററിയിരിക്കയും ചെയ്യുന്നു! എഴുത്തും വായനയും നന്നെ അധഃപ്പതിച്ചിരിക്കുന്നു എന്നു് വ്യസനിക്കുകയും നമ്മുടെ സംസ്കാരം പുരോഗമിക്കുകയോ പശ്ചാൽഗമിക്കുകയൊ എന്താണു ചെയ്യുന്നതെന്നു സംശയിക്കയും വേണ്ടിവന്നിരിക്കുന്നു!

പാരായണത്തിന്നു, പരപ്പല്ല, താഴ്ചയാണു് വേണ്ടതു്. "ആറു വെയ്ക്കിലാറുവെയ്ക്കുക, ആറു വെയ്ക്കിലകലംവെക്കുക; അകലം വെയ്ക്കിലാഴം വെയ്ക്കുക" എന്നു തെങ്ങുകൃഷിയുടെ കാൎയ്യ

ത്തിൽ പറയാറുള്ള തത്വം, വായനയുടെ സംഗതിയിലും, സ്വീകരിക്കുന്നതു നന്നായിരിക്കും. നൂറുപുസ്തകം വായിക്കുന്നതിനുപകരം, ആറുപുസ്തകം വായിക്കുക. ആ ആറും വായിച്ചു പഠിക്കുകയും ചെയ്യുക. തെങ്ങിന്റെ തയ്യുകൾ നന്നായിരിക്കണം. അതുപോലെ വായിക്കുന്ന പുസ്തകങ്ങളും നല്ലവയായിരിക്കണം. ഇന്നത്തെ "കൃഷിവിദഗ്ദ്ധന്മാർ "നെട്ടംകൃഷി"യെക്കാൾ "കട്ടം കൃഷി"യാണ് വേണ്ടതെന്നു പ്രസംഗിക്കുന്നതുപോലെ വായനയിലും നെട്ടംവായനയല്ലാ, കട്ടംവായനയാണ് വേണ്ടത്. (Not extensive but intensive reading)എഡ്വേർഡ് മെണ്ടഗു എന്ന മഹാൻ ഒരിടത്തു പറഞ്ഞിരിക്കുന്നു "വായനയുടെ സാക്ഷാത്തായരസവും ഗുണവും അനുഭവപ്പെടണമെങ്കിൽ. പരന്നവായനയല്ല കടന്നവായനയാണ് വേണ്ടതു്." എല്ലാം വായിക്കുവാൻ ആക്കും എത്ര ആയുസ്സുണ്ടായാലും സാധിക്കുന്നതല്ല. അപ്പോൾപിന്നെ, വേണ്ടതുമാത്രം വായിക്കയും, അതു വേണ്ടവിധം വായിക്കയും വേണമെന്നു നിർവ്വിവാദമാണ്. ഇന്നുപലരും "പാററിവെടി"ക്കാരാണ്"; വളരെ വായിച്ചിട്ടുണ്ടെന്നു വരുത്തിത്തീർക്കുവാൻവേണ്ടി, വല കുറുക്കുവഴികളും സ്വീകരിച്ചിട്ടുള്ളവർ! ഉദ്ധാരണങ്ങളും. ഉദാഹരണങ്ങളും കേട്ടാൽ മഹാപണ്ഡിതന്മാരാണെന്നു തോന്നും. അതിനുവേണ്ട "പൊട്ടും പൊടിയും"മല്ലാതെ യാതൊന്നും കൈവശമില്ലാത്ത പണ്ഡിതന്മാരാണ് അധികവും.

വായനയുടെ ആദ്യത്തെ അനുഭവം ആഹ്ലാദമാണ് ഹൃദയാഹ്ലാദം. വായിക്കുവാൻ രസമുള്ളവക്ക് മാത്രമെ ആഹ്ലാദം ഉണ്ടാകയുള്ളു. ആ ആഹ്ലാദമുണ്ടാക്കലായിരിക്കണം വിദ്യാഭ്യാസത്തിന്റെ പ്രഥമകർത്തവ്യം. എന്നാൽ അതുമാത്രം ഇന്നത്തെ രീതിയിൽ കാണപ്പെടുന്നില്ലെന്നും സംജാതമാകുന്നില്ലെന്നും സവ്യസനം പറയേണ്ടിയിരിക്കുന്നു !

"പ്രവൃത്തിയിൽ സന്തോഷം, പ്രവൃത്തിതന്നെ സന്തോഷജനകം" എന്ന അവസ്ഥ, വായനയിൽ മാത്രമല്ല, ഏതു കാര്യത്തിലും ഉണ്ടായിരിക്കേണ്ടതാണ്. തൃപ്തിയുടേയും, കാര്യക്ഷമതയുടേയും അടിസ്ഥാനം ആ സന്തോഷമാകുന്നു. ആ സന്തോഷത്തിന്റെ പരിണിതഫലമായി മനസ്സിലുണ്ടാകുന്ന പരിവർത്തനമാകുന്നു സംസ്കാരസമ്പത്തിന്റെ അടിസ്ഥാനം. ആ വായന നിർവൃതികരമാണ്. അതു് "ആക്കാനും വേണ്ടി ഓക്കാനിക്കലല്ല". ആത്മസംതൃപ്തിയോട കൂടിയ ആഹ്ലാദാനുഭവമാകുന്നു.

ഗ്രന്ഥകാരന്റെ ഹൃദയമാണ് ഗ്രന്ഥത്തിൽ പ്രതിഫലിക്കുന്ന തെന്നതുകൊണ്ടു്, സാധാരണ മനുഷ്യരുടെ ഇടയിൽ എന്നപോലെതന്നെ, ഗ്രന്ഥകാരന്മാരുടെ കൂട്ടത്തിലും, കഴമ്പില്ലാത്തവരും കമ്പും തുമ്പുമില്ലാത്തവരും, വായാടികളും, വെറകുവെട്ടികളും, കള്ളന്മാരും, കപടവേഷധാരികളും ഒക്കെ ഉണ്ടാകാവുന്നതാണ്! അവരുടെ ഗ്രന്ഥങ്ങൾ ആദ്യത്തിൽ ആകൎഷകങ്ങളും, രുചികരങ്ങളുമായിത്തോന്നിയാലും, അചിരേണ അനൎത്ഥകരങ്ങളും അരോചകങ്ങളുമാകാതിരിക്കയില്ല. അവ ആരോഗ്യത്തെ മാത്രമല്ല ആയുസ്സിനെക്കൂടിയും ഹനിക്കുന്നതായിരിക്കും.

നല്ല പുസ്തകങ്ങളെ, നല്ലപോലെ വായിച്ചു, നല്ലവരായിത്തീരുക എന്നാണ മൊത്തത്തിൽ പറയാവുന്നതും പറയേണ്ടതും. "നല്ല" എന്ന ശബ്ദംതന്നെ എത്ര സുന്ദരവും സുഖകരവും ആകുന്നു! സദ്വൃത്തനാക്കുന്നതെല്ലാം നല്ലതാണ്. അതുള്ളവനും നല്ലവനാണ്. നല്ലവന്നു, "കോപം വാശി കുശുമ്പസൂയ ദുരദുൎമ്മന്ത്രം" മുതലായവയൊന്നുമുണ്ടാകയില്ല. അവൻ സംതൃപ്തനും സഹോദരസ്നേഹമുള്ളവനും, സദാചാരനിരതനും ക്ഷമാശീലനുമായിരിക്കും. അങ്ങിനെ വരണമെങ്കിൽ അഹമമതിയും അഹങ്കാരവും "അമ്പട ഞാനെ" ഭാവവും നശിക്കണം. അവ നശിക്കണമെങ്കിൽ ലോകത്തിന്നുതന്നെക്കാൾ മീതെ ഒരു "നിയന്താവു"ണ്ടെന്നുള്ള ഉറപ്പുവരണം അതിനെയാണ് ദൈവവിശ്വാസമെന്നു പറയുന്നതു്. അതുണ്ടായാൽ എല്ലാം ശരിയാവും; ഇല്ലാഞ്ഞാലോ, ഒടുവൊക്കെ നാശംതന്നെ— അതുമിതുമൊക്കെ അറിഞ്ഞിട്ടെന്തു കാൎയ്യം. ഇതാണ് അറിവിന്റെ അഗ്രിമാവസ്ഥ.

"അഥവാബഹുനൈതേന,
കിം ജ്ഞാതേന തവാൎജ്ജുന
വിഷ്ടഭ്യാഹമിദം കൃത്സ്ന-
മേകാംശേനസ്ഥിതോ ജഗത്".

—— ⁂ ——